# UNIVERSITY OF KERALA

**Syllabus and Scheme**
**for**

# B.A. Malayalam and Cultural Studies

## Double Main Programme

**(2020 Admission onwards)**

# B.A.Double Main Malayalam and Cultural Studies

| | Course Code | Name of the Course | Instructional Hours | Credits | ESA | CA | Total |
|---|---|---|---|---|---|---|---|
| **First Language** | EN 1111.5 | Language Course 1 (English): Language Skills | 5 | 3 | 80 | 20 | 100 |
| **Additional Language (Malayalam)** | ML 1111.4 | Language Course 2 (Addl.Language: I) ഗദ്യസാഹിത്യം | 5 | 3 | 80 | 20 | 100 |
| **Main –I MALAYALAM Core** | CORE 1 MLC 1131 | ആധുനിക കവിത | 4 | 4 | 80 | 20 | 100 |
| | CORE 2 MLC 1132 | കേരളീയ കലകൾ | 3 | 2 | 80 | 20 | 100 |
| **Main II CULTURAL STUDIES Foundation Course Informatics** | FOUNDATION COURSE I MLC 1121 | വിവരസാങ്കേതികവിദ്യയും മലയാളഭാഷാപഠനവും | 2 | 2 | 80 | 20 | 100 |
| **CULTURAL STUDIES Core** | CORE 1 MLC 1141 | സംസ്കാരപഠനം- ആമുഖം | 3 | 3 | 80 | 20 | 100 |
| | CORE II MLC 1142 | സാഹിത്യവും സംസ്കാരവും | 3 | 3 | 80 | 20 | 100 |
| **First Language** | EN 1211.5 | Language Course 3 (English): Writings on Contemporary Issues | 5 | 3 | 80 | 20 | 100 |
| **Additional Language (Malayalam)** | ML 1211.4 | Language Course 4 (Addl.Language: II) ദൃശ്യകലാസാഹിത്യം | 5 | 3 | 80 | 20 | 100 |
| **Main –I MALAYALAM Foundation Course Environmental Studies disaster** | FOUNDATION COURSE II MLC 1221 | പരിസ്ഥിതി പഠനം | 3 | 3 | 80 | 20 | 100 |
| **Main –I MALAYALAM Core** | CORE 3 MLC 1231 | ജീവചരിത്രം, ആത്മകഥ, യാത്രാസാഹിത്യം | 2 | 2 | 80 | 20 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| **Main –I MALAYALAM Core** | CORE 4 MLC 1232 | പശ്ചാത്യസാഹിത്യചിന്തകൾ | 3 | 3 | 80 | 20 | 100 |
| **Main II CULTURAL STUDIES Core** | **CORE 3** MLC 1241 | സാംസ്കാരിക പുരാവസ്തു വിജ്ഞാനീയം | 4 | 4 | 80 | 20 | 100 |
| | **CORE 4** MLC 1242 | ചലച്ചിത്രസംസ്കാരം | 3 | 3 | 80 | 20 | 100 |
| **First Language** | EN 1311.5 | Language Course 5 (English): English for Career | 5 | 3 | 80 | 20 | 100 |
| **Main –I MALAYALAM Core** | CORE 5 MLC 1331 | മലയാളനാടകസാഹിത്യം | 5 | 4 | 80 | 20 | 100 |
| | CORE 6 MLC 1332 | മലയാളഭാഷാസാഹിത്യചരിത്രം-1 | 5 | 4 | 80 | 20 | 100 |
| **Main II CULTURAL STUDIES Core** | **CORE 5** MLC 1341 | ജനപ്രിയ സാഹിത്യപഠനം | 5 | 4 | 80 | 20 | 100 |
| | **CORE 6** MLC 1342 | ദളിത്, ഗോത്രജീവിതവും സംസ്കാരവും | 5 | 4 | 80 | 20 | 100 |
| **First Language** | EN 1411.5 | Language Course 6 (English): Readings in Literature | 5 | 3 | 80 | 20 | 100 |
| **Main –I MALAYALAM Core** | CORE 7 MLC 1431 | ഭാരതീയഭാഷാശാസ്ത്രം | 5 | 4 | 80 | 20 | 100 |
| | CORE 8 MLC 1432 | മലയാളഭാഷാസാഹിത്യചരിത്രം-2 | 5 | 4 | 80 | 20 | 100 |
| **Main II CULTURAL STUDIES Core** | **CORE 7** MLC 1441 | വൈജ്ഞാനിക പാരമ്പര്യവും സംസ്കാരവും | 5 | 4 | 80 | 20 | 100 |
| | **CORE 8** MLC 1442 | സമൂഹരൂപീകരണവും സംസ്കാരവും | 5 | 4 | 80 | 20 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| **Main –I MALAYALAM Core** | CORE 9<br>MLC 1531 | അധുനിക പൂർവ്വകവിത | 5 | 4 | 80 | 20 | 100 |
| | CORE 10<br>MLC 1532 | ചെറുകഥാപഠനം | 5 | 4 | 80 | 20 | 100 |
| | CORE 11<br>PROJECT<br>MLC 1533 | PROJECT | 3 | 2 | 80 | 20 | 100 |
| **Main II CULTURAL STUDIES Core** | **CORE 9**<br>MLC 1541 | നാട്ടറിവുപഠനവും ബഹുജന സംസ്കാരവും | 5 | 4 | 80 | 20 | 100 |
| | **CORE 10**<br>MLC 1542 | മാധ്യമസംസ്കാരം | 5 | 4 | 80 | 20 | 100 |
| **Open Course By CULTURAL STUDIES** | **OPEN COURSE 1**<br>MLC 1551 | MLC 1551.1 സാംസ്കാരിക മനശ്ശാസ്ത്രം<br>MLC 1551.2 ലിംഗനീതി സാഹിത്യവും ഭിന്നശേഷി പഠനവും<br>MLC 1551.3 ദേശീസൗന്ദര്യശാസ്ത്രം | 2 | 2 | 80 | 20 | 100 |
| **Main –I MALAYALAM Core** | CORE 12<br>MLC 1631 | മലയാളവ്യാകരണം | 4 | 4 | 80 | 20 | 100 |
| | CORE 13<br>EML 1632 | പൗരസ്ത്യ സാഹിത്യമീമാംസയും മലയാളനിരൂപണവും | 4 | 3 | 80 | 20 | 100 |
| | CORE 14<br>MLC 1633 | മലയാള നോവൽ സാഹിത്യം | 4 | 4 | 80 | 20 | 100 |
| **Main II CULTURAL STUDIES Core** | **CORE 11**<br>MLC 1641 | ഡിജിറ്റൽ സംസ്കാരം | 5 | 4 | 80 | 20 | 100 |
| | **CORE 12**<br>MLC 1642 | അധിനിവേശാനന്തരപഠനം | 5 | 4 | 80 | 20 | 100 |
| | **CORE 13**<br>MLC 1643 | PROJECT- Dissertation | 3 | 2 | 80 | 20 | 100 |
| | | **TOTAL** | **150** | **120** | | | **3600** |

## BA Double Main –Malayalam and Cultural Studies

### Language Courses

| Semester 1 | Course Code | Name of the Course | Instructional Hours | Credits | ESA | CA | Total |
|---|---|---|---|---|---|---|---|
| **First Language** | EN 1111.5 | Language Course (English): Language Skills | 5 | 3 | 80 | 20 | 100 |
| **Additional Language (Malayalam)** | ML 1111.4 | Language Course 2 (Addl. Language I) ഗദ്യസാഹിത്യം | 5 | 3 | 80 | 20 | 100 |
| **Semester 2** | | | | | | | |
| **First Language** | EN 1211.5 | Language Course (English): Writings on Contemporary Issues | 5 | 3 | 80 | 20 | 100 |
| **Additional Language (Malayalam)** | ML 1211.4 | Language Course 4 (Addl. Language II) ദൃശ്യകലാസാഹിത്യം | 5 | 3 | 80 | 20 | 100 |
| **Semester 3** | | | | | | | |
| **First Language** | EN 1311.5 | Language Course (English): English for Career | 5 | 3 | 80 | 20 | 100 |
| **Semester 4** | | | | | | | |
| **First Language** | EN 1411.5 | Language Course (English): Readings in Literature | 5 | 3 | 80 | 20 | 100 |
| | | | **30** | **18** | | | **600** |

# BA Double Main –Malayalam and Cultural Studies

**Malayalam Main**

| Semester 1 | Course Code | Name of the Course | Instructional Hours | Credits | ESA | CA | Total |
|---|---|---|---|---|---|---|---|
| | CORE 1 MLC 1131 | ആധുനിക കവിത | 4 | 4 | 80 | 20 | 100 |
| | CORE 2 MLC 1132 | കേരളീയ കലകൾ | 3 | 2 | 80 | 20 | 100 |
| **Semester 2** | FOUNDATION COURSE MLC 1221 | പരിസ്ഥിതി പഠനം | 3 | 3 | 80 | 20 | 100 |
| | CORE 3 MLC 1231 | ജീവചരിത്രം, ആത്മകഥ,യാത്രാസാഹിത്യം | 2 | 2 | 80 | 20 | 100 |
| | CORE 4 MLC 1232 | പാശ്ചാത്യസാഹിത്യ ചിന്തകൾ | 3 | 3 | 80 | 20 | 100 |
| **Semester 3** | CORE 5 MLC 1331 | മലയാള നാടകസാഹിത്യം | 5 | 4 | 80 | 20 | 100 |
| | CORE 6 MLC 1332 | മലയാള ഭാഷാ സാഹിത്യ ചരിത്രം-1 | 5 | 4 | 80 | 20 | 100 |
| **Semester 4** | CORE 7 MLC 1431 | ഭാരതീയ ഭാഷാശാസ്ത്രം | 5 | 4 | 80 | 20 | 100 |
| | CORE 8 MLC 1432 | മലയാള ഭാഷാ സാഹിത്യ ചരിത്രം-2 | 5 | 4 | 80 | 20 | 100 |
| **Semester 5** | CORE 9 MLC 1531 | ആധുനികപൂർവ്വ കവിത | 5 | 4 | 80 | 20 | 100 |
| | CORE 10 MLC 1532 | ചെറുകഥാ പഠനം | 5 | 4 | 80 | 20 | 100 |
| | CORE 11 PROJECT MLC 1533 | PROJECT | 3 | 2 | 80 | 20 | 100 |
| **Semester 6** | CORE 12 MLC 1631 | മലയാള വ്യാകരണം | 4 | 4 | 80 | 20 | 100 |
| | CORE 13 MLC 1632 | പൗരസ്ത്യ സാഹിത്യമീമാംസയും മലയാള നിരൂപണവും | 4 | 3 | 80 | 20 | 100 |
| | CORE 14 MLC 1633 | നോവൽ സാഹിത്യം | 4 | 4 | 80 | 20 | 100 |
| | | | **60** | **51** | | | **1500** |

**Cultural Studies Main**

| | | | | | | | |
|---|---|---|---|---|---|---|---|
| **Semester 1** | FOUNDATION COURSE MLC 1121 | വിവരസാങ്കേതികവിദ്യയും മലയാളഭാഷാപഠനവും | 2 | 2 | 80 | 20 | 100 |
| | CORE 1 MLC 1141 | സംസ്കാരപഠനം- ആമുഖം | 3 | 3 | 80 | 20 | 100 |
| | CORE 2 MLC 1142 | സാഹിത്യവും സംസ്കാരവും | 3 | 3 | | | |
| **Semester 2** | CORE 3 MLC 1241 | സാംസ്കാരിക കലാവസ്തു വിജ്ഞാനീയം | 4 | 4 | 80 | 20 | 100 |
| | CORE 4 MLC 1242 | ചലച്ചിത്ര സംസ്കാരം | 3 | 3 | 80 | 20 | 100 |
| **Semester 3** | CORE 5 MLC 1341 | ജനപ്രിയസാഹിത്യം | 5 | 4 | 80 | 20 | 100 |
| | CORE 6 MLC 1342 | ദളിത്, ഗോത്രജീവിതവും സംസ്കാരവും | 5 | 4 | 80 | 20 | 100 |
| **Semester 4** | CORE 7 MLC 1441 | വൈജ്ഞാനികപാരമ്പര്യവും സംസ്കാരവും | 5 | 4 | 80 | 20 | 100 |
| | CORE 8 MLC 1442 | സമൂഹരൂപീകരണവും സംസ്കാരവും | 5 | 4 | 80 | 20 | 100 |
| **Semester 5** | CORE 9 MLC 1541 | നാട്ടറിവുപഠനവും ബഹുജനസംസ്കാരവും | 5 | 4 | 80 | 20 | 100 |
| | CORE 10 MLC 1542 | മാധ്യമസംസ്കാരം | 5 | 4 | 80 | 20 | 100 |
| | OPEN COURSE MLC 1551 | EML 1551.1 സാംസ്കാരിക മനശ്ശാസ്ത്രം<br>EML 1551.2 ലിംഗനീതി സാഹിത്യവും ഭിന്നശേഷി പഠനവും<br>EML 1551.3 ദേശീസൗന്ദര്യശാസ്ത്രം | 2 | 2 | 80 | 20 | 100 |
| **Semester 6** | CORE 11 MLC 1641 | ഡിജിറ്റൽ സംസ്കാരം | 5 | 4 | 80 | 20 | 100 |
| | CORE 12 MLC 1642 | അധിനിവേശാനന്തര പഠനം | 5 | 4 | 80 | 20 | 100 |
| | CORE 13 MLC 1643 | PROJECT- Dissertation | 3 | 2 | 80 | 20 | 100 |
| | | | 60 | **51** | | | **1500** |

# B.A. Double Main Malayalam & Cultural Studies

## Semester I

| | Course Code | Name of the Course | Instructional Hours | Credits | ESA | CA | Total |
|---|---|---|---|---|---|---|---|
| **First Language** | EN 1111.5 | Language Course (English): Language Skills | 5 | 3 | 80 | 20 | 100 |
| **Additional Language (Malayalam)** | ML. 1111.4 | Language Course 2 (Addl.Language I ) ഗദ്യസാഹിത്യം | 5 | 3 | 80 | 20 | 100 |
| **Main –I MALAYALAM** | **CORE 1** MLC 1131 | ആധുനിക കവിത | 4 | 4 | 80 | 20 | 100 |
| | **CORE 2** MLC 1132 | കേരളീയകലകൾ | 3 | 2 | 80 | 20 | 100 |
| **Main II CULTURAL STUDIES Foundation Course** | **Foundation Course** MLC 1121 | വിവരസാങ്കേതികവിദ്യയും മലയാളഭാഷാപഠനവും | 2 | 2 | 80 | 20 | 100 |
| | **CORE 1** MLC 1141 | സംസ്കാര പഠനം-ആമുഖം | 3 | 3 | 80 | 20 | 100 |
| | **CORE 2** MLC 1142 | സാഹിത്യവും സംസ്കാരവും | 3 | 3 | 80 | 20 | 100 |
| | | **TOTAL** | **25** | **20** | | | **700** |

**Semester II**

| | Course Code | Name of the Course | Instructional Hours | Credits | ESA | CA | Total |
|---|---|---|---|---|---|---|---|
| **First Language** | EN 1211.5 | Language Course (English): Writings on Contemporary Issues | 5 | 3 | 80 | 20 | 100 |
| **Additional Language Malayalam** | ML 1211.4 | Language Course 2 (Addl.Language II ) ദൃശ്യകലാസാഹിത്യം | 5 | 3 | 80 | 20 | 100 |
| **Main –I MALAYALAM Semester 2** | FOUNDATION COURSE II MLC 1221 | പരിസ്ഥിതി പഠനം | 3 | 3 | 80 | 20 | 100 |
| | CORE 3 MLC 1231 | ജീവചരിത്രം, ആത്മകഥ,യാത്രാസാഹിത്യം | 2 | 2 | 80 | 20 | 100 |
| | CORE 4 MLC 1232 | പാശ്ചാത്യസാഹിത്യ ചിന്തകൾ | 3 | 3 | 80 | 20 | 100 |
| **Main II CULTURAL STUDIES** | **CORE 3** MLC 1241 | സാംസ്കാരിക കലാവസ്തു വിജ്ഞാനീയം | 4 | 4 | 80 | 20 | 100 |
| | **CORE 4** MLC 1242 | ചലച്ചിത്ര സംസ്കാരം | 3 | 3 | 80 | 20 | 100 |
| | | **TOTAL** | **25** | **21** | | | **700** |

**Semester III**

| | Course Code | Name of the Course | Instructional Hours | Credits | ESA | CA | Total |
|---|---|---|---|---|---|---|---|
| **First Language** | EN 1311.5 | Language Course (English): English for Career | 5 | 3 | 80 | 20 | 100 |
| **Main –I MALAYALAM** | CORE 5 MLC 1331 | മലയാള നാടകസാഹിത്യം | 5 | 4 | 80 | 20 | 100 |
| | CORE 6 MLC 1332 | മലയാള ഭാഷാസാഹിത്യചരിത്രം-1 | 5 | 4 | 80 | 20 | 100 |
| **Main II CULTURAL STUDIES** | **CORE 5** MLC 1341 | ജനപ്രിയസാഹിത്യ പഠനം | 5 | 4 | 80 | 20 | 100 |
| | **CORE 6** MLC 1342 | ദളിത് ഗോത്ര ജീവിതവും സംസ്കാരവും | 5 | 4 | 80 | 20 | 100 |
| | | **TOTAL** | **25** | **19** | | | **500** |

## Semester IV

| | Course Code | Name of the Course | Instructional Hours | Credits | ESA | CA | Total |
|---|---|---|---|---|---|---|---|
| **First Language** | EN 1411.5 | Language Course (English): Readings in Literature | 5 | 3 | 80 | 20 | 100 |
| **Main –I MALAYALAM** | CORE 7 MLC 1431 | ഭാരതീയഭാഷാശാസ്ത്രം | 5 | 4 | 80 | 20 | 100 |
| | CORE 8 MLC 1432 | മലയാള ഭാഷാസാഹിത്യചരിത്രം-2 | 5 | 4 | 80 | 20 | 100 |
| **Main II CULTURAL STUDIES** | **CORE 7** MLC 1441 | വൈജ്ഞാനിക പാരമ്പര്യവും സംസ്കാരവും | 5 | 4 | 80 | 20 | 100 |
| | **CORE 8** MLC 1442 | സമൂഹരൂപീകരണവും സംസ്കാരവും | 5 | 4 | 80 | 20 | 100 |
| | | **TOTAL** | **25** | **19** | | | **500** |

**Semester V**

| | Course Code | Name of the Course | Instructional Hours | Credits | ESA | CA | Total |
|---|---|---|---|---|---|---|---|
| **Main –I MALAYALAM** | CORE 9<br>MLC 1531 | ആധുനികപൂർവ്വകവിത | 5 | 4 | 80 | 20 | 100 |
| | CORE 10<br>MLC 1532 | ചെറുകഥാപഠനം | 5 | 4 | 80 | 20 | 100 |
| | CORE 11<br>PROJECT<br>MLC 1533 | PROJECT | 3 | 2 | 80 | 20 | 100 |
| **Main II CULTURAL STUDIES** | **CORE 9**<br>MLC 1541 | നാട്ടറിവു പഠനവും ബഹുജനസംസ്കാരവും | 5 | 4 | 80 | 20 | 100 |
| | **CORE 10**<br>MLC 1542 | മാധ്യമസംസ്കാരം | 5 | 4 | 80 | 20 | 100 |
| | **OPEN COURSE**<br>MLC 1551 | MLC 1551.1 സാംസ്കാരിക മനശ്ശാസ്ത്രം<br>MLC 1551.2 ലിംഗനീതിസാഹിത്യവും ഭിന്നശേഷി പഠനവും<br>MLC 1551.3 ദേശീസൗന്ദര്യശാസ്ത്രം | 2 | 2 | 80 | 20 | 100 |
| | | **TOTAL** | **25** | **20** | | | **600** |

## Semester VI

| | Course Code | Name of the Course | Instructional hrs | credits | ESA | CA | Total |
|---|---|---|---|---|---|---|---|
| **Main –I MALAYALAM** | CORE 12 MLC 1631 | മലയാള വ്യാകരണം | 4 | 4 | 80 | 20 | 100 |
| | CORE 13 MLC 1632 | പൗരസ്ത്യ സാഹിത്യമീമാംസയും മലയാളനിരൂപണവും | 4 | 3 | 80 | 20 | 100 |
| | CORE 14 MLC 1633 | നോവൽ സാഹിത്യം | 4 | 4 | 80 | 20 | 100 |
| **Main II CULTURAL STUDIES** | **CORE 11** MLC 1641 | ഡിജിറ്റൽ സംസ്കാരം | 5 | 4 | 80 | 20 | 100 |
| | **CORE 12** MLC 1642 | അധിനിവേശാനന്തര സംസ്കാരം | 5 | 4 | 80 | 20 | 100 |
| | **CORE 13** MLC 1643 | PROJECT- Dissertation | 3 | 2 | 80 | 20 | 100 |
| | | **TOTAL** | **25** | **21** | | | **600** |

# UNIVERSITY OF KERALA

## DOUBLE MAIN PROGRAMME

**(2020 Admission onwards)**
**First Degree Programmes**
**(CBCS System)**

# MALAYALAM (Main I)

## B.A. Malayalam and Cultural Studies

# സിലബസ് തയ്യാറാക്കിയ
# ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾ

ഡോ. അജയപുരം ജ്യോതിഷ് കുമാർ (ചെയർമാൻ)

ഡോ.എം.വിജയൻ പിള്ള

ഡോ. എം.എ. സിദ്ദീഖ്

ഡോ.ആർ.ജയകുമാർ

ഡോ.ചായം ധർമ്മരാജൻ

ഡോ.മേരി.എം.ഏബ്രഹാം

ഡോ.എസ്.അജയഘോഷ്

ഡോ.സി.ഉദയകല

ഡോ.ബി.വി.ശശികുമാർ

ശ്രീ കെ.എസ്.മനോജ്

ശ്രീ സി.അനൂപ്

**UNIVERSITY OF KERALA**

**FIRST DEGREE DOUBLE MAIN PROGRAMMES (CBCS System)**

**B.A. MALAYALAM AND CULTURAL STUDIES**

**[2020 Admission onwards]**

**MALAYALAM (Main I)**

**SEMESTERS I to VI - COURSE BREAKUP**

| Sem No | Course No | Course Title | Instructional Hours | Credits | Page No. |
|---|---|---|---|---|---|
| 1 | EN 1111.5 | Language Course 1 (English): Language Skills | 5 | 3 | |
| 1 | ML1111.4 | Language Course 2: [Additional Language 1] ഗദ്യസാഹിത്യം | 5 | 3 | 4 |
| 1 | MLC 1131 | Core Course 1: ആധുനിക കവിത | 4 | 4 | 7 |
| 1 | MLC 1132 | Core Course 2: കേരളീയകലകൾ | 3 | 2 | 11 |
| 2 | EN 1211.5 | Language Course 3: English Grammar, Usage and Writing | 5 | 3 | |
| 2 | ML 1211.4 | Language Course 4: [Additional Language 2] ദൃശ്യകലാസാഹിത്യം | 5 | 3 | 15 |
| 2 | MLC 1221 | Foundation Course-II പരിസ്ഥിതിപഠനം | 3 | 3 | 18 |
| 2 | MLC 1231 | Core Course 3: ജീവചരിത്രം, ആത്മകഥ, യാത്രാസാഹിത്യം | 2 | 2 | 21 |
| 2 | MLC 1232 | Core Course 4: പാശ്ചാത്യസാഹിത്യചിന്തകൾ | 3 | 3 | 23 |
| 3 | EN 1311.5 | Language Course 5: English for Career | 5 | 3 | |
| 3 | MLC 1331 | Core Course 5: മലയാളനാടകസാഹിത്യം | 5 | 4 | 25 |
| 3 | MLC 1332 | Core Course 6:മലയാളഭാഷാ-സാഹിത്യചരിത്രം1 | 5 | 4 | 28 |
| 4 | EN 1411.5 | Language Course 6: Readings in Literature | 5 | 3 | |
| 4 | MLC 1431 | Core Course 7: ഭാരതീയ ഭാഷാശാസ്ത്രം | 5 | 4 | 31 |
| 4 | MLC 1432 | Core Course 8:മലയാളഭാഷാ-സാഹിത്യചരിത്രം2 | 5 | 4 | 34 |
| 5 | MLC 1531 | Core Course 9: ആധുനികപൂർവ്വകവിത | 5 | 4 | 37 |
| 5 | MLC 1532 | Core Course 10 : ചെറുകഥാപഠനം | 5 | 4 | 40 |
| 5 | MLC 1533 | Core Course 11 : PROJECT | 3 | 2 | |
| 6 | MLC 1631 | Core Course 12: മലയാളവ്യാകരണം | 4 | 4 | 44 |
| 6 | MLC 1632 | Core Course 13 : പൗരസ്ത്യസാഹിത്യ മീമാംസയും മലയാളനിരൂപണവും | 4 | 3 | 47 |
| 6 | MLC 1633 | Core Course 14 : നോവൽസാഹിത്യം | 4 | 4 | 50 |

# ആമുഖം

മലയാള ഭാഷാസാഹിത്യപഠനത്തെ സമകാലികമായി വിപുലീകരിക്കുന്നതിനുള്ള കാഴ്ചപ്പാടിന്റെ ഭാഗമാണ് ഈ പ്രോഗ്രാം. മലയാളസാഹിത്യത്തെ ചരിത്രപരമായി പരിചയിക്കുകയും സാംസ്കാരിക പഠനമേഖലയിൽ വിശകലന വൈദഗ്ദ്ധ്യം നേടുകയും ചെയ്യലാണ് ഇതിന്റെ മുഖ്യ ലക്ഷ്യം. ഈ പ്രോഗ്രാമിന്റെ ഭാഗമായി മലയാളഭാഷ, സാഹിത്യം, സാംസ്കാരികപഠനം എന്നീ മേഖലകളുമായി ബന്ധപ്പെട്ട അടിസ്ഥാനകാര്യങ്ങൾ വിവിധ കോഴ്സുകളിലൂടെ വിദ്യാർത്ഥിസമൂഹത്തിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ട്. അതോടൊപ്പം കലയെയും സാഹിത്യത്തെയും സംസ്കാരത്തെയും ജീവിതത്തെയും വ്യത്യസ്തമായ കാഴ്ചക്കോണുകളിലൂടെ സമീപിക്കാനുള്ള സാദ്ധ്യതകൾ വിദ്യാർത്ഥികൾക്കു മുന്നിൽ തുറന്നുവയ്ക്കുകയും ചെയ്യുന്നു. ഇതെല്ലാം ഇനി മുന്നോട്ടുകൊണ്ടുപോകേണ്ടത് അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന കൂട്ടായ്മയാണ്.

ഇരുപതാം നൂറ്റാണ്ട് ലോകവിജ്ഞാനത്തിനു സംഭാവന ചെയ്ത വലിയൊരു സംവാദമേഖലയാണ് സാംസ്കാരികപഠനത്തിന്റേത്. സംസ്കാരപഠനം എന്ന പേരിലും മലയാളത്തിൽ ഇത് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും സംസ്കാരത്തിന്റെ ചരിത്രത്തെ ഏകശിലാമുഖമായി പഠിക്കുന്ന അറിവുമണ്ഡലമല്ല സാംസ്കാരികപഠനത്തിന്റേത്. റെയ്മണ്ട് വില്യംസും സാംസ്കാരികഭൗതികവാദവും ഫ്രഞ്ച് ഘടനാവാദാനന്തരതയും, റിച്ചാർഡ് ഹോഗാർട്ടും സെന്റർ ഫോർ കൺടെംപോററി കൾച്ചറൽ സ്റ്റഡീസും, ജർമ്മൻ വ്യാഖ്യാന പദ്ധതികളും ഒക്കെ സാംസ്കാരികപഠനത്തിന്റെ ചരിത്രത്തെ രൂപപ്പെടുത്തിയ മുഖ്യ ധാരകളാണ്. സാംസ്കാരികപഠനം വീക്ഷണത്തിലും പ്രയോഗത്തിലും പഴയരീതികളെ പിന്തുടരുന്ന ജ്ഞാനമേഖലയല്ല. എന്നുതന്നെയുമല്ല, ഇതൊരു നിർദ്ദിഷ്ട ജ്ഞാനപദ്ധതിയുമല്ല. ഏറ്റവും സമകാലികവും അന്തർവൈജ്ഞാനികവും ആണ് സാംസ്കാരികപഠനത്തിന്റെ ഏതൊരു നിർദ്ധാരണശൈലിയും. ചരിത്രപരവും സാമൂഹികശാസ്ത്രപരവുമായ ഏതൊരു വസ്തുതയെയും സാംസ്കാരികമായ വിലയിരുത്തലിനു വിധേയമാക്കാൻ കഴിയും എന്ന വിശ്വാസമാണ് ഈ ആശയത്തിനു പിന്നിൽ പ്രവർത്തിക്കുന്നത്. പ്രത്യയശാസ്ത്രപരവും പ്രതിനിധാനപരവുമായ (representational) പരിശോധനകളാണ് സാംസ്കാരികപഠനത്തിന്റെ മുഖ്യമായ രണ്ടു മുഖങ്ങൾ.

കേരളത്തിന്റെ സാംസ്കാരികചരിത്രത്തെ ആധാരമാക്കിയാണ് ഇവിടെ മുഖ്യമായും ഈ ജ്ഞാനമേഖലയെ പരിശോധിക്കുന്നത്. സാംസ്കാരികപഠനത്തിന്റെ ആമുഖം മുതൽ തദ്ദേശീയ സൗന്ദര്യശാസ്ത്രത്തിന്റെ പ്രതിരോധമുഖം വരെ ഈ മട്ടിലാണ് കൈകാര്യം ചെയ്യപ്പെട്ടിരിക്കുന്നത്. ഓരോ കോഴ്സിന്റെയും മുഖവുര ആ കോഴ്സിന് ആധാരമായ സൈദ്ധാന്തിക പരിചയം ലളിതമായി മനസ്സിലാക്കുന്നതിനും തുടർഭാഗങ്ങൾ പ്രായോഗികമായ അവലോകനത്തിനും സഹായകമായ രൂപത്തിലാണ് സംവിധാനം ചെയ്തിരിക്കുന്നത്. സാംസ്കാരിക പഠനത്തിന്റെ വിശകലനമേഖലകളെ മനസ്സിലാക്കുന്നതിന് സഹായകമായ കൃതികളും ലേഖനങ്ങളും കൊണ്ട് സമ്പന്നമാണ് മലയാളം. ഇവിടെ പരാമർശിക്കാതെ പോയിട്ടുള്ളവയെക്കൂടി അന്വേഷിച്ചറിയുകയും സമഗ്രമായ ഒരു സാഹിത്യ-സാംസ്കാരിക രൂപരേഖ കേരളപഠനത്തിൽ രൂപപ്പെടുകയും ചെയ്യുന്നത് ഈ കോഴ്സിന്റെ വിജയകരമായ ഫലപ്രാപ്തിയെ സാക്ഷ്യപ്പെടുത്തും.

ക്ലാസ്റൂം പഠനം എന്നത് അദ്ധ്യാപകന്റെ ഏകപക്ഷീയമായ പ്രഭാഷണങ്ങളുടെ തലത്തിൽ നിന്ന് സംവാദാത്മകമായ ഇടപെടലുകളുടെ തലത്തിലേക്ക് പരിവർത്തനപ്പെട്ട കാലമാണിത്. വിദ്യാർത്ഥികളുടെ മനോഭാവങ്ങളിൽ നിന്നും ചിന്താവേഗങ്ങളിൽ നിന്നും അന്വേഷണങ്ങളിൽ നിന്നും പുത്തൻ ആശയങ്ങളും കാഴ്ചപ്പാടുകളും പുറത്തുവരേണ്ടതുണ്ട്. വിദ്യാർത്ഥികേന്ദ്രിതമായ ഒരു പഠനക്രമത്തിലേക്ക് പഠനപ്രക്രിയ പുനസ്സംവിധാനം ചെയ്തു

കൊണ്ടു മാത്രമേ ഇതു സാധ്യമാക്കാനാവുകയുള്ളൂ. അത്തരത്തിലുള്ള ഒരു മാറ്റം ലക്ഷ്യമാക്കിക്കൊണ്ടാണ് ഈ പ്രോഗ്രാമിലെ ഓരോ കോഴ്‌സും രൂപപ്പെടുത്തിയിട്ടുള്ളത്. പ്രോഗ്രാം, കോഴ്‌സ്, മൊഡ്യൂൾ എന്നീ തലങ്ങളിൽ ഉൾക്കൊണ്ടിട്ടുള്ള ഫലപ്രാപ്തികൾ അതിന്റെ ദിശാസൂചിയാണ്.

ഓരോ കോഴ്‌സിനെയും അവയുടെ ഉള്ളടക്കത്തിന്റെ സ്വഭാവം അനുസരിച്ചാണ് പല മൊഡ്യൂളുകളായി വിഭജിച്ചിട്ടുള്ളത്. ഓരോ മൊഡ്യൂളിന്റെയും പഠനത്തിനാവശ്യമായ സമയക്രമവും അവിടവിടെ സൂചിപ്പിച്ചിട്ടുണ്ട്. ആ സമയപരിധിക്കുള്ളിൽ സാധ്യമാകുന്ന തരത്തിൽ മാത്രം വിശദമായിട്ടാണ് ഓരോ മൊഡ്യൂളിന്റെ പഠനവും പൂർത്തിയാക്കേണ്ടത്. വ്യത്യസ്ത സമയക്രമം നൽകിയിട്ടുള്ള ഓരോ കോഴ്‌സും അതിനുള്ളിൽ സെമിനാർ, അസൈൻമെന്റ്, ടെസ്റ്റ്പേപ്പറുകൾ, പരീക്ഷ എന്നിവ ഉൾപ്പെടെയുള്ള പഠനപ്രക്രിയകളിലൂടെ പൂർത്തിയാക്കേണ്ടതുണ്ട്.

**പൊതുനിർദ്ദേശങ്ങൾ**

1. സാഹിത്യപഠനത്തോടൊപ്പം പഠിതാവിന്റെ ഭാഷാനൈപുണിയും വികസിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. പഠനാനുഭവങ്ങളുമായി ബന്ധപ്പെട്ട് യാത്രകൾ സംഘടിപ്പിക്കുകയും അനുബന്ധമായ റിപ്പോർട്ടുകൾ, പഠനക്കുറിപ്പുകൾ, പട്ടികപ്പെടുത്തലുകൾ തുടങ്ങിയവ തയ്യാറാക്കുവാൻ വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.
3. ഈ പ്രോഗ്രാമിന്റെ ഭാഗമായി എല്ലാ വിദ്യാർത്ഥികളും വ്യക്തിഗതമായി രണ്ടു പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട്. മലയാളം മെയിൻ പ്രോജക്ട് അഞ്ചാം സെമസ്റ്ററിലും സാംസ്കാരിക പഠനം മെയിൻ പ്രോജക്ട് ആറാം സെമസ്റ്ററിലുമാണ് സമർപ്പിക്കേണ്ടത്. പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ നേരത്തെതന്നെ ആരംഭിക്കണം. 25 പേജിൽ കുറയാതെയും 35 പേജിൽ കവിയാതെയുമുള്ള ഡി.റ്റി.പി. ചെയ്ത പ്രോജക്ടിന്റെ രണ്ടു കോപ്പികൾ മാർഗ്ഗദർശിയായ അദ്ധ്യാപകന്റെ സാക്ഷ്യപത്രത്തോടുകൂടി വേണം ഡിപ്പാർട്ടുമെന്റിൽ സമർപ്പിക്കേണ്ടത്. പ്രോജക്ട് റിപ്പോർട്ടിന് നിശ്ചിതമായ ഒരു ഘടന ഉണ്ടായിരിക്കണം. വ്യക്തമായ ആമുഖം, ഉള്ളടക്കത്തിന്റെ സ്വഭാവം അനുസരിച്ചു വേർതിരിയുന്ന ഭാഗങ്ങൾ/അദ്ധ്യായങ്ങൾ, കണ്ടെത്തലുകളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിലുള്ള ഉപദർശനങ്ങൾ, അടിക്കുറിപ്പുകൾ, ഗ്രന്ഥസൂചി എന്നീ ഘടകങ്ങൾ ചേർന്നതായിരിക്കണം റിപ്പോർട്ട്.

**എഴുത്തു പരീക്ഷയുടെ ചോദ്യമാതൃക**

**സമയം : 3 മണിക്കൂർ** **ആകെ മാർക്ക് : 80**

1. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതാനുള്ള പത്തു ചോദ്യം. എല്ലാ ചോദ്യത്തിനും ഉത്തരം എഴുതണം. ഓരോന്നിനും ഒരു മാർക്ക് വീതം. (10x1=10)
2. അമ്പതു വാക്കിൽ ഉത്തരം എഴുതാനുള്ള പന്ത്രണ്ട് ചോദ്യം. എട്ടു ചോദ്യത്തിന് ഉത്തരം എഴുതണം. ഓരോന്നിനും രണ്ടു മാർക്ക് വീതം. (8x2=16)
3. നൂറു വാക്കിൽ കവിയാതെ ഉത്തരം എഴുതാനുള്ള ഒൻപത് ചോദ്യം. ആറ് ചോദ്യത്തിന് ഉത്തരം എഴുതണം. ഓരോന്നിനും നാല് മാർക്ക് വീതം. (6x4=24)
4. മുന്നൂറു വാക്കിൽ കവിയാതെ ഉത്തരം എഴുതാനുള്ള ഉപന്യാസമാതൃകയിലുള്ള നാല് ചോദ്യം. ഉത്തരം എഴുതേണ്ടത് രണ്ടെണ്ണത്തിന്. പതിനഞ്ച് മാർക്ക് വീതം (2x15=30)

**ആകെ : 80 മാർക്ക്**

## പ്രോഗ്രാമിന്റെ പഠനഫലപ്രാപ്തികൾ

1. സാഹിത്യകൃതികൾ കണ്ടെത്തി വായിച്ച് നിരൂപണം ചെയ്യാനുള്ള ശേഷി വർദ്ധിക്കുന്നു.
2. സാഹിത്യത്തിന്റെ വളർച്ചയുടെ വ്യത്യസ്ത ഘട്ടങ്ങൾ പരിചയപ്പെടുന്നു.
3. വ്യത്യസ്ത സാഹിത്യരൂപങ്ങളെക്കുറിച്ച് അറിവു നേടുകയും നിലവിലുണ്ടായിരുന്ന ധാരണകൾ പുനർനിർമ്മിക്കുകയും ചെയ്യുന്നു.
4. സാഹിത്യസമീപനത്തിൽ താരതമ്യാത്മകമായ വിശകലനശേഷി രൂപംകൊള്ളുന്നു.
5. സാഹിത്യസിദ്ധാന്തം, സാഹിത്യവിമർശനം, സാഹിത്യചരിത്ര വിജ്ഞാനീയം എന്നീ മേഖലകളിൽ ഗവേഷണതാൽപര്യം വളരുന്നു.
6. വൈജ്ഞാനികമായ മേഖലകൾ കണ്ടെത്താനുള്ള താല്പര്യം ജനിക്കുന്നു.
7. സാഹിത്യത്തിലും സാംസ്കാരിക പഠനമേഖലയിലും വിദഗ്ദ്ധമായ ഉൾക്കാഴ്ച രൂപപ്പെടുന്നു.
8. സാംസ്കാരികപഠനത്തിന്റെ ഭിന്നധാരകൾ ഉപയോഗിച്ച് സാഹിത്യഗവേഷണത്തിനുള്ള താല്പര്യങ്ങൾ രൂപപ്പെടുത്തുന്നു.
9. മൗലികമായ ലോകവീക്ഷണവും പുതിയചിന്തകൾ രൂപപ്പെടുത്തുന്നതിനുള്ള ആത്മവിശ്വാസവും നേടുന്നു.
10. വിജ്ഞാനമേഖലകളുടെ വൈവിധ്യങ്ങളെ താല്പര്യത്തോടെ സമീപിക്കുന്നതിനും അന്തർവൈജ്ഞാനികമായ വിശകലനബുദ്ധി സ്വരൂപിക്കുന്നതിനും കഴിയുന്നു.
11. ഗവേഷണജേർണലുകളിൽ പ്രബന്ധരചനകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രൊഫഷണലിസം രൂപപ്പെടുന്നു.
12. സാംസ്കാരിക സദസ്സുകളിൽ, ഗൗരവമേറിയ സംവാദങ്ങളിൽ പങ്കാളിയാകുന്നു.
13. വ്യത്യസ്തഭാഷകളിൽ തങ്ങളുടെ ആശയങ്ങൾ പ്രകാശിപ്പിക്കുന്നു.
14. ധൈഷണികമായും സൗന്ദര്യശാസ്ത്രപരമായും വ്യക്തമായ കാഴ്ചപ്പാടുകൾ രൂപപ്പെടുന്നു

## സെമസ്റ്റർ : ഒന്ന്

| | | |
|---|---|---|
| **സെമസ്റ്റർ** | : | **I** |
| **കോഴ്സ് കോഡ്** | : | **ML 1111.4** |
| **ലാംഗ്വേജ് കോഴ്സ്** | : | **II (അഡീഷണൽ ലാംഗ്വേജ്)** |
| **സമയക്രമം** | : | **ആഴ്ചയിൽ 5 മണിക്കൂർ<br>(18 ആഴ്ചയിൽ 90 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **3** |

## ഗദ്യസാഹിത്യം

### (പുസ്തകം: ഗദ്യഭാരതി - യൂണിവേഴ്സിറ്റി പ്രസിദ്ധീകരണം)

**പഠനഫലപ്രാപ്തി**

1. മലയാളത്തിലെ ഗദ്യസാഹിത്യത്തിന്റെ വികാസചരിത്രം മനസ്സിലാക്കുന്നു.
2. വിവിധ ഗദ്യസാഹിത്യരൂപങ്ങളുടെ ഘടന, സ്വഭാവം എന്നിവ വിവേചിച്ച് മനസിലാക്കുന്നതിനും അവ നിരൂപണം ചെയ്യുന്നതിനും പ്രാപ്തി നേടുന്നു.
3. ഗദ്യസാഹിത്യരചനകളിലെ ഉള്ളടക്കം വിശകലനം ചെയ്ത് സമകാലികാവസ്ഥയോട് ബന്ധിപ്പിച്ച് വിലയിരുത്തുന്നു.
4. സാഹിത്യരചനകളിലെ മുഖ്യാശയങ്ങൾ മനസ്സിലാക്കുന്നതിനും അവയെ ആസ്പദമാക്കി നിഗമനങ്ങൾ രൂപപ്പെടുത്തുന്നതിനും അപനിർമ്മിക്കുന്നതിനുമുള്ള ശേഷി നേടുന്നു.
5. സാഹിത്യരചനകളുടെ ഭാഷാസ്വരൂപം വിശകലനം ചെയ്യാൻ പ്രാപ്തി നേടുന്നു.

## പാഠ്യപദ്ധതി

### മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

### നോവൽ

**പഠനഫലപ്രാപ്തി**

1. മലയാളനോവലിന്റെ ചരിത്രം സാമാന്യമായി ഗ്രഹിക്കുന്നു.
2 ആധുനിക മലയാള നോവൽ സാഹിത്യത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യാൻ പ്രാപ്തി നേടുന്നു.
3. ടി.വി.കൊച്ചുബാവയുടെ നോവലുകളെക്കുറിച്ച് സാമാന്യജ്ഞാനം നേടുന്നതിനും വൃദ്ധസദനം എന്ന നോവലിനെ സവിശേഷമായി വിശകലനം ചെയ്ത് മനസ്സിലാക്കുന്നതിനും ശേഷി നേടുന്നു.

മലയാളനോവൽ - പ്രാരംഭരൂപങ്ങൾ - ആദ്യകാല എഴുത്തുകാർ - നോവലിന്റെ വികാസഘട്ടം - വിഭിന്ന നോവൽരൂപങ്ങൾ - എഴുത്തുകാർ. ആധുനിക വീക്ഷണം - കൃതികൾ - എഴുത്തുകാർ - സമകാലനോവൽ - സാമാന്യാവലോകനം

**വിശദപഠനം:**

1. വൃദ്ധസദനം : ടി. വി. കൊച്ചുബാവ.

## മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

## ചെറുകഥ

**പഠനഫലപ്രാപ്തി**

1. നവോത്ഥാനകാല ചെറുകഥയുടെ സവിശേഷതകൾ തിരിച്ചറിയുന്നു.
2. ആധുനികതയിൽ നിന്ന് ആധുനികാനന്തരതയിലേക്കുള്ള മലയാള ചെറുകഥയുടെ പരിണാമം വേർതിരിച്ചറിയുന്നു.
3. കഥകളിലെ ഉള്ളടക്കം അപഗ്രഥിക്കുന്നതിനും പ്രതികരണങ്ങൾ സ്വന്തം രൂപത്തിൽ പ്രകടിപ്പിക്കുന്നതിനും ശേഷി കൈവരിക്കുന്നു.

ആനുകാലികങ്ങളുടെ പ്രചാരം – മലയാള ചെറുകഥയുടെ വികാസ പരിണാമ ഘട്ടങ്ങൾ – കൃതികൾ – കഥാകൃത്തുക്കൾ.

**വിശദപഠനം**

| | | | |
|---|---|---|---|
| 1. | വെള്ളപ്പൊക്കത്തിൽ | – | തകഴി |
| 2. | നെയ്പായസം | – | മാധവിക്കുട്ടി |
| 3. | മണ്ണ് | – | സിതാര. എസ്. |
| 4. | കർണ്ണപർവം | – | എസ്. ആർ. ലാൽ |

## മൊഡ്യൂൾ : മൂന്ന് (27 മണിക്കൂർ)

## ഉപന്യാസം, പഠനം

**പഠനഫലപ്രാപ്തി**

1. ഉപന്യാസം, പഠനം എന്നീ ഗദ്യരൂപങ്ങളുടെ സവിശേഷതകൾ വേർതിരിച്ച് മനസിലാക്കുന്നു.
2. മലയാളത്തിലെ പ്രമുഖ സാഹിത്യ വിമർശകരെക്കുറിച്ചുള്ള അറിവു നേടുന്നു.
3. ഉപന്യാസങ്ങളിലെയും പഠനങ്ങളിലെയും ഉള്ളടക്കം വിശകലനം ചെയ്യുന്നു.

ഉപന്യാസങ്ങളുടെ ആവിർഭാവം – ഉപന്യാസസമാഹാരങ്ങൾ – ഉപന്യാസശാഖയെ സമ്പന്നമാക്കിയ എഴുത്തുകാർ – വിഷയവൈവിധ്യം – ഗദ്യാവിഷ്കരണത്തിലെ തെളിമ – വിഷയാപഗ്രഥനങ്ങൾ

**വിശദപഠനം**

| | | | |
|---|---|---|---|
| 1. | സാഹിത്യത്തിലെ സ്ത്രീ | – | ജോസഫ് മുണ്ടശ്ശേരി |
| 2. | കവിതയും പരിസ്ഥിതിയും | – | എസ്സ്. രാജശേഖരൻ. |
| 3. | എഴുത്തുകാരനും പാരമ്പര്യവും | – | കെ. പി. അപ്പൻ. |
| 4. | സ്പന്ദിക്കുന്ന അസ്ഥിമാടം | – | എം. കെ. സാനു<br>(നക്ഷത്രങ്ങളുടെ സ്നേഹഭാജനം) |
| 5. | ശൈലീദോഷങ്ങൾ (നല്ല ഭാഷ) | – | പ്രൊഫ. പന്മന രാമചന്ദ്രൻ നായർ |

## മൊഡ്യൂൾ : നാല് (18 മണിക്കൂർ)

## ജീവചരിത്രം, ആത്മകഥ, യാത്രാനുഭവം

**പഠനഫലപ്രാപ്തി**

1. ജീവചരിത്രം, ആത്മകഥ, യാത്രാനുഭവം എന്നീ സാഹിത്യരൂപങ്ങളെക്കുറിച്ച് സാമാന്യ പരിജ്ഞാനം നേടുന്നു.
2. സമാനസ്വഭാവമുള്ള സാഹിത്യരൂപങ്ങളുമായി പരിചയപ്പെടുന്നതിനും അവയെക്കുറിച്ച് പഠനങ്ങൾ തയ്യാറാക്കുന്നതിനും പ്രാപ്തി കൈവരിക്കുന്നു.
3. ചരിത്രപരവും സാംസ്കാരികവുമായി പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കാനുള്ള താല്പര്യം വർദ്ധിക്കുന്നു.

ജീവചരിത്രം – ആത്മകഥ – യാത്രാനുഭവം – സ്വഭാവസവിശേഷതകൾ – ആഖ്യാന രീതി – പ്രധാനകൃതികൾ

**വിശദപഠനം**

1. കണ്ണീരും കിനാവും – വി.ടി. ഭട്ടതിരിപ്പാട്.

## മൊഡ്യൂൾ : അഞ്ച് (9 മണിക്കൂർ)

## ഭാഷാശുദ്ധി, തർജ്ജമ, ഉപന്യാസരചന

**പഠനഫലപ്രാപ്തി**

1. ഭാഷാശുദ്ധിയെക്കുറിച്ചുള്ള ബോധം ഉറയ്ക്കുകയും തെറ്റില്ലാതെ ഭാഷ പ്രയോഗിക്കാനുള്ള ശേഷി നേടുകയും ചെയ്യുന്നു.
2. തർജ്ജമ, ഉപന്യാസരചന എന്നിവ നിർവഹിക്കുന്നതിനുള്ള പ്രാപ്തി കൈവരിക്കുന്നു.

വാക്യശുദ്ധി – പദശുദ്ധി – പൊതുവിഷയത്തെ ആസ്പദമാക്കി – ഉപന്യാസം – തർജ്ജമ – ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക്.

**സഹായകഗ്രന്ഥങ്ങൾ**


1. നോവൽ സാഹിത്യചരിത്രം – ഡോ. കെ. എം. തരകൻ, കേരളസാഹിത്യ അക്കാദമി
2. ആത്മകഥാസാഹിത്യം മലയാളത്തിൽ – ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ.
3. ആത്മകഥാസാഹിത്യം മലയാളത്തിൽ – ഡോ. വിജയാലയം ജയകുമാർ.
4. യാത്രാവിവരണം – എം. കെ മാധവൻ നായർ (സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, എഡി. ഡോ. കെ. എം. ജോർജ്).
5. സഞ്ചാരസാഹിത്യം – ഡോ. ടി. ജി. മാധവൻകുട്ടി.
6. സഞ്ചാരസാഹിത്യം മലയാളത്തിൽ – വി. രമേഷ്ചന്ദ്രൻ.
7. സമ്പൂർണ്ണ മലയാളസാഹിത്യചരിത്രം – (എഡി.) പന്മന രാമചന്ദ്രൻ നായർ, കറന്റ് ബുക്സ്, കോട്ടയം.
8. നല്ലഭാഷ – പ്രൊഫ. പന്മന രാമചന്ദ്രൻ നായർ, കറന്റ് ബുക്സ്, കോട്ടയം.
9. തെളിമലയാളം – എം.എൻ.കാരശ്ശേരി, ഡി.സി.ബുക്സ്, കോട്ടയം.
10. ഗദ്യശില്പം – സി.വി.വാസുദേവഭട്ടതിരി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
11. മലയാളശൈലി, കുട്ടിക്കൃഷ്ണമാരാർ, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്.

# സെമസ്റ്റർ : ഒന്ന്

| | | |
|---|---|---|
| **സെമസ്റ്റർ** | : | **I** |
| **കോഴ്സ് കോഡ്** | : | **MLC 1131** |
| **കോർ കോഴ്സ്** | : | **I** |
| **സമയക്രമം** | : | **ആഴ്ചയിൽ 4 മണിക്കൂർ (18 ആഴ്ചയിൽ 72 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **4** |

## ആധുനികകവിത

### പഠനഫലപ്രാപ്തി

1. ആധുനികഘട്ടത്തിലെ മലയാളകവിതയുടെ സാമാന്യസ്വഭാവം തിരിച്ചറിഞ്ഞ് പൊതു നിഗമനങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള പ്രാപ്തി നേടുന്നു.
2. ആധുനിക കവിത്രയ കവിതകൾ (കാല്പനിക കവിത ഒന്നാംഘട്ടം) മുതൽ മലയാളക വിതയിലുണ്ടായ ഭാഷാപരവും ഭാവുകത്വപരവുമായ പരിണാമം വിമർശനാത്മകമായി അപഗ്രഥിക്കുന്നു.
3. പാശ്ചാത്യ സമ്പർക്കഫലമായി കവിതയുടെ പ്രമേയത്തിലും രൂപ-ഭാവങ്ങളിലും സംഭ വിച്ച മാറ്റം സൂക്ഷ്മപഠനവിധേയമാക്കുന്നു.
4. വിവിധ ആവിഷ്കരണോപാധികളുടെ (പ്രതീകം, ബിംബകല്പന തുടങ്ങിയവ) പ്രയോഗം ആധുനികഘട്ട കവിതകളിൽ എത്രത്തോളമെന്ന് തിരിച്ചറിഞ്ഞ് പുതിയ പ്രയോഗസാ ധ്യതകൾ കണ്ടെത്തുന്നു.
5. ആധുനികാനന്തര മലയാളകവിതയിലെ ഭാഷാപരവും രചനാപരവും ഘടനാപരവുമായ സവിശേഷതകളെ സർഗ്ഗാത്മകമായി വിലയിരുത്തി പുതിയ വ്യവഹാര രൂപങ്ങൾ സൃഷ്ടി ക്കുന്നു.
6. ആധുനികഘട്ട മലയാളകവിതയുടെ വ്യത്യസ്തതകളിലൂന്നിയുള്ള കാവ്യാസ്വാദന/ആലാ പന/സൃഷ്ടിനൈപുണികൾ നേടുകയും പ്രയോഗിക്കുകയും ചെയ്യുന്നു.

## മൊഡ്യൂൾ : ഒന്ന് (18 മണിക്കൂർ)

## കാല്പനികകവിത - ഒന്നാംഘട്ടം

### പഠനഫലപ്രാപ്തി

1. ആധുനികതയുടെ ആദ്യകിരണങ്ങൾ കവിത്രയകവിതകളിൽ എത്രത്തോളമെന്ന് ചർച്ച ചെയ്ത് നിഗമനങ്ങൾ രൂപപ്പെടുത്തുന്നു.
2. കവിത്രയ കവിതകളുടെ പ്രമേയപരവും ശില്പപരവും ഭാവുകത്വപരവുമായ സവിശേ ഷതകൾ താരതമ്യം ചെയ്ത് പുതിയ പരികല്പനകൾ സൃഷ്ടിക്കുന്നു.
3. കവിത്രയ കവിതകളുടെ സവിശേഷഘടകങ്ങൾ വിമർശനാത്മകമായി സ്വാംശീകരിച്ച് മറ്റ് വ്യവഹാരരൂപങ്ങൾ സൃഷ്ടിക്കുന്നു.

കാല്പനിക പൂർവ്വകവിത - കാല്പനികത - ഭാവഗാനം - ആധുനികതയുടെ ആദ്യകിരണങ്ങൾ - കവിത്രയം - ഇതിവൃത്തസ്വീകരണം - ദേശീയബോധം- സ്വാതന്ത്ര്യചിന്ത - കർമ്മവീര്യം തുടങ്ങിയവ. ശില്പപരമായ സവിശേഷതകൾ - വിവർത്തനം - പാരമ്പര്യവും ആധുനികതയും തമ്മിലുള്ള സംഘർഷം

**വിശദപഠനത്തിന്**

| | | | |
|---|---|---|---|
| 1. | നളിനി (ആദ്യത്തെ 14 ശ്ലോകം) | - | കുമാരനാശാൻ |
| 2. | ഉമാകേരളം<br>(ഒന്നാം സർഗ്ഗം - ആദ്യത്തെ 14 ശ്ലോകം) | - | ഉള്ളൂർ എസ്. പരമേശ്വരയ്യർ |
| 3. | കർമ്മഭൂമിയുടെ പിഞ്ചുകാൽ<br>(സാഹിത്യമഞ്ജരി നാലാംഭാഗം) | - | വള്ളത്തോൾ |

## മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

## കാല്പനിക കവിത - രണ്ടാംഘട്ടം

**പഠനഫലപ്രാപ്തി**

1. കാല്പനികതയുടെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് അതിന്റെ സ്വാധീനം കവിത്രയാനന്തരകവിതകളിൽ എങ്ങനെയാണ് പ്രതിഫലിക്കുന്നതെന്ന് വിമർശനാത്മകമായി ചർച്ചചെയ്യുന്നു.
2. കവിത്രയാനന്തര കവിതകളുടെ പ്രമേയപരിസരങ്ങൾ താരതമ്യം ചെയ്ത് വികാസതലങ്ങളെക്കുറിച്ചുള്ള പൊതുനിഗമനങ്ങൾ രൂപപ്പെടുത്തുന്നു.
4. ഭാഷാപരവും ഘടനാപരവും ഭാവപരവുമായ ഘടകങ്ങൾ ചർച്ചചെയ്ത് പുതിയ ആസ്വാദന/ആലാപനതലങ്ങൾ രൂപപ്പെടുത്തുന്ന സൃഷ്ടികൾ നടത്തുന്നു.

പാശ്ചാത്യ കാവ്യരൂപങ്ങളുടെ സ്വാധീനം - വിഷാദം - പ്രണയം - മൃത്യു - വ്യത്യസ്ത പ്രമേയങ്ങൾ - പാസ്റ്ററൽ എലിജി - കവിതയും സംഗീതവും - വൈയക്തികത - പ്രസ്ഥാനങ്ങളുടെ സ്വാധീനം - കാല്പനിക ഭാവങ്ങളിൽ നിന്ന് ഗഹനതലങ്ങളിലേക്ക് - ആഖ്യാനകവിത - കവിതയുടെ ജീവിതാഭിമുഖ്യം

**വിശദപഠനത്തിന്**

| | | | |
|---|---|---|---|
| 1. | പഥികന്റെ പാട്ട് | - | ജി.ശങ്കരക്കുറുപ്പ് |
| 2. | രമണൻ (ഉപക്രമരംഗം) | - | ചങ്ങമ്പുഴ |
| 3. | മാമ്പഴം | - | വൈലോപ്പിള്ളി |
| 4. | പൂതപ്പാട്ട് | - | ഇടശ്ശേരി |
| 5. | എനിക്കു മരണമില്ല | - | വയലാർ |
| 6. | ശാർങ്ഗകപ്പക്ഷികൾ | - | ഒ.എൻ.വി. |

## മൊഡ്യൂൾ മൂന്ന് (18 മണിക്കൂർ)

## ആധുനിക കവിത

**പഠനഫലപ്രാപ്തി**

1. കാല്പനികതയുടെ തുടർച്ച ആധുനിക കവിതകളിൽ ഏത് രൂപത്തിൽ പ്രത്യക്ഷപ്പെടുന്നുവെന്ന് സൂക്ഷ്മാപഗ്രഥനം നടത്തുന്നു.
2. സാമൂഹിക-രാഷ്ട്രീയ-ജീവിത-പരിസ്ഥിതിപ്രശ്നങ്ങൾ മലയാളകവിതയിൽ എങ്ങനെ അടയാളപ്പെടുത്തിയിരിക്കുന്നുവെന്ന് വിമർശനാത്മകമായി പരിശോധിക്കുന്നു.
3. ആധുനികതയുടെ സ്വാധീനം കവിതയുടെ പ്രമേയത്തിലും അവതരണത്തിലും എന്തു മാറ്റമാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് തിരിച്ചറിഞ്ഞ് പൊതുനിഗമനങ്ങൾ രൂപീകരിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നു.

പാശ്ചാത്യ ആധുനികതയുടെ സ്വാധീനം - പുതിയ മധ്യവർഗ്ഗത്തിന്റെ കവിത - സാമൂഹിക വിമർശനം - വ്യക്തിത്വ ശിഥിലീകരണം - വിശ്വാസത്തകർച്ച - നഗരവത്കരണം - ഭിന്നശേഷി - ആധുനികതയുടെ കാലത്തെ വഴിമാറ്റം - ഉത്തരാധുനികതയിലേക്കുള്ള കാൽവയ്പ്പ്

**വിശദപഠനത്തിന്**

1. തത്തച്ചേ പൂമ്മ പൂമ്മ - ജി.കുമാരപിള്ള
2. വഴിവെട്ടുന്നവരോട് - എൻ.എൻ.കക്കാട്
3. ശാന്ത - കടമ്മനിട്ട
4. കടലു കാണാൻ പോയവർ - സുഗതകുമാരി
5. നാവുമരം - സച്ചിദാനന്ദൻ

## മൊഡ്യൂൾ : നാല് (18 മണിക്കൂർ)

## ആധുനികാനന്തര കവിത

**പഠനഫലപ്രാപ്തി**

1. സമകാലിക കവിതയിലെ പുത്തൻപ്രവണതകൾ/പ്രതിനിധാനങ്ങൾ വിമർശനാത്മകമായി പരിശോധിച്ച് പുതുസൃഷ്ടികളിൽ ഏർപ്പെടുന്നു.
2. ആശയസ്വാംശീകരണത്തിനൊപ്പം വ്യത്യസ്തതയുള്ള ആലാപന തന്ത്രങ്ങൾ രൂപപ്പെടുത്തി പ്രയോഗിക്കുന്നു.
3. ആധുനികതയിൽനിന്ന് ആധുനികാനന്തരതയിലേക്കുള്ള കവിതയുടെ പരിണാമം മൂല്യനിർണയം ചെയ്യുന്നു.
4. ആധുനികാനന്തര ഘട്ടത്തിലെ പ്രമുഖ കവികളെ പരിചയപ്പെടുന്നു.

പുതിയപ്രവണതകൾ - സ്വത്വപരമായ നിലപാടുകൾ - സ്ത്രീ-ദളിത്-പരിസ്ഥിതി- പ്രമേയപരവും രൂപപരവുമായ സവിശേഷതകൾ - ഭാവരൂപ പരിണാമം - ബഹുസ്വരത

**വിശദപഠനത്തിന്**

1. വാൻഗോഗിന് ഒരു ബലിപ്പാട്ട് - എ.അയ്യപ്പൻ
2. മൃഗശിക്ഷകൻ - വിജയലക്ഷ്മി

3. ശ്യാമമാധവം (അവസാന ഖണ്ഡം) – പ്രഭാവർമ്മ
("കത്തും കർപ്പൂരമായ്..." എന്നതുമുതൽ
"ഇല്ലിങ്ങതിൻ വേരുമേ" എന്നതുവരെ)
4. പട്ടാമ്പിപ്പുഴ മണലിൽ – പി.പി.രാമചന്ദ്രൻ
5. പ്രതിഷ്ഠ – സാവിത്രി രാജീവൻ
6. ലംബം – എൽ.തോമസ്കുട്ടി

**സഹായകഗ്രന്ഥങ്ങൾ**


1. മലയാളകവിതാ സാഹിത്യചരിത്രം – ഡോ.എം.ലീലാവതി, കേരള സാഹിത്യ അക്കാദമി
2. വർണ്ണരാജി – ഡോ.എം.ലീലാവതി, എൻ.ബി.എസ്. കോട്ടയം.
3. കവിതാപഠനങ്ങൾ – (എഡി.) പ്രൊഫ. പന്മന രാമചന്ദ്രൻനായർ, കറന്റ് ബുക്സ്, കോട്ടയം.
4. കവിതയും ജനതയും – സച്ചിദാനന്ദൻ, ഡി.സി.ബുക്സ്.
5. നവോത്ഥാനാനന്തര മലയാളകവിത – ഡോ.എസ്.രാജശേഖരൻ
6. കാവ്യഭാഷയിലെ പ്രശ്നങ്ങൾ – (എഡി.) ഡോ.ദേശമംഗലം രാമകൃഷ്ണൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
7. മഹാകാവ്യപ്രസ്ഥാനം – ടി.ജി.മാധവൻകുട്ടി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
8. ആധുനികത മലയാളകവിതയിൽ – ഡോ.എൻ.അജയകുമാർ
9. കവിതയുടെ ഗ്രാമങ്ങൾ – ഇ.പി.രാജഗോപാലൻ, മേധാ ബുക്സ്, കോഴിക്കോട്.
10. പെൺവഴികൾ – (എഡി.) കെ.ജി.ശങ്കരപ്പിള്ള, കലാക്ഷേത്രം, കാസർഗോഡ്.
11. കവിതയും മനഃശാസ്ത്രവും – എം.എൻ.വിജയൻ, മാതൃഭൂമി, കോഴിക്കോട്.
12. ആധുനിക കാവ്യപാഠങ്ങൾ – ഡോ.സി.പി.ശിവദാസൻ, കേരള സാഹിത്യ അക്കാദമി.
13. മലയാളകവിത – ആധുനികാനന്തരം – ഡോ.സി.ആർ.പ്രസാദ്
14. ഭാവഗീതത്തിന്റെ അടയാളങ്ങൾ മലയാളകവിതയിൽ – ഡോ.ആർ.എസ്.രാജീവ്
15. കാവ്യം അന്നരസമയം – ഡോ.പി.സോമൻ
16. കവിതയുടെ രഥോത്സവം – ഡോ.അജയപുരം ജ്യോതിഷ്കുമാർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
17. ഭാവുകത്വത്തിന്റെ വഴികൾ – എം.കൃഷ്ണൻനമ്പൂതിരി, സെഡ് ലൈബ്രറി, തിരുവനന്തപുരം.
18. കടലിൽ തങ്ങിയ കാന്തഭൂമി – ഡോ.ബി.വി.ശശികുമാർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
19. ആധുനികതയുടെ പാഠങ്ങൾ – മലയാളകവിതയിലെ സ്ത്രീപക്ഷരാഷ്ട്രീയം – യാക്കോബ് തോമസ്
20. കരിയിലക്കിളികൾ കലമ്പുന്നുണ്ട് – ഡോ.സി.ഉണ്ണിക്കൃഷ്ണൻ
21. ഒ.എൻ.വി. പഠനം – (എഡി.) കെ.ബി.ശെൽവമണി
22. ഉത്തരാധുനികകവിതാപഠനം – ഡോ.എം.എസ്.പോൾ, കേരളസാഹിത്യ അക്കാഡമി.
23. ചുറ്റിലുമോരോ സ്വർഗ്ഗം താഴ്ന്നു താഴ്ന്നകലുമ്പോൾ – ഡോ.ടി.കെ.സന്തോഷ്കുമാർ.
24. കവിതയിലെ സ്ഥലകാലങ്ങൾ – ഡോ.എ.അരവിന്ദാക്ഷൻ, കറന്റ് ബുക്സ്, തൃശ്ശൂർ.

| | | |
|---|---|---|
| **സെമസ്റ്റർ** | : | **I** |
| **കോഴ്സ് കോഡ്** | : | **MLC 1132** |
| **കോർ കോഴ്സ്** | : | **II** |
| **സമയക്രമം** | : | **ആഴ്ചയിൽ 3 മണിക്കൂർ (18 ആഴ്ചയിൽ 54 മണിക്കൂർ)** |
| **ക്രെഡിറ്റ്** | : | **2** |

## കേരളീയ കലകൾ

കലകളുടെ വിശാലമായ സൗന്ദര്യലോകത്തേക്ക് വിദ്യാർത്ഥികളെ ആനയിക്കുകയും അവരുടെ കലാവാസനകൾക്ക് ഉന്മേഷവും പ്രേരണയുമുണ്ടാക്കുകയും കലാസ്വാദനത്തിലൂടെ മാനസികമായ വികാസം സാധ്യമാക്കുകയും ചെയ്യുകയെന്നതാണ് ഈ കോഴ്സിന്റെ പ്രാഥമികോദ്ദേശ്യം. കേരളീയകലകളുടെ പൊതു അവലോകനത്തിലൂടെ അവയുടെ ഉള്ളിലേക്കിറങ്ങിക്കൊണ്ട് കേരളത്തിന്റെ കലാചരിത്രവും സംസ്കാരവും മനസ്സിലാക്കാനും വാക്കും വസ്തുവും ശരീരവും സമന്വയിക്കുന്ന കേരളീയഭാവനയുടെ ഔന്നത്യം തിരിച്ചറിയാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നതിനാണ് ഊന്നൽ നല്കേണ്ടത്. അസൈൻമെന്റിന് ഏതെങ്കിലും കലാരൂപത്തിന്റെ അവതരണം നേരിൽക്കണ്ട് വിവരണം നല്കുന്നതിനും പ്രേരിപ്പിക്കാവുന്നതാണ്. കേരളീയ കലകളുടെ വൈവിധ്യത്തിൽ നിന്ന് പ്രധാനപ്പെട്ടവയെ പരിചയപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തിലാണ് പേരുകൾ പരാമർശിക്കുന്നത്.

**പഠന ഫലപ്രാപ്തി**

1 കേരളീയ കലകളുടെ സൗന്ദര്യലോകത്തേയ്ക്ക് എത്തിച്ചേരുകയും ആസ്വാദനശേഷി വർദ്ധിക്കുകയും ചെയ്യുന്നു.

2. സ്വന്തം കലാവാസനകൾ ഉണരുകയും കലാപരവും മാനസികവുമായ വികാസം നേടാൻ സാധിക്കുകയും ചെയ്യുന്നു.

3. കേരളത്തിന്റെ കലാപാരമ്പര്യവും അവയുടെ വികാസ പരിണാമങ്ങളും ഉൾക്കൊള്ളാൻ കഴിയുന്നു

4. ഓരോ കലയുടെയും തനിമയും പ്രാധാന്യവും വിലയിരുത്തുന്നു.

5. അനുഷ്ഠാനം, ആഘോഷം, വിനോദം, ഉത്സവം തുടങ്ങിയവയുമായി ബന്ധപ്പെട്ട് കലകൾ വഹിക്കുന്ന സാമൂഹികദൗത്യം തിരിച്ചറിയുന്നു.

### മൊഡ്യൂൾ : ഒന്ന് (9 മണിക്കൂർ)

**പഠനഫലപ്രാപ്തി**

1. കലകളുടെ പ്രസക്തിയും സാമൂഹിക ദൗത്യവും തിരിച്ചറിയാൻ കഴിയുന്നു.
2. കലകളുടെ ഉല്പത്തിയെക്കുറിച്ചും പരിണാമങ്ങളെക്കുറിച്ചും വിമർശന ബുദ്ധിയോടെ ചിന്തിക്കുന്നു.

കലയുടെ നിർവചനങ്ങൾ-സാമൂഹിക ജീവിതത്തിൽ കലകൾക്കുള്ള സ്ഥാനം-ഓരോ കലയുടെയും വ്യക്തിത്വവും സൗന്ദര്യവും-കലകളുടെ ചരിത്രം-കലകളുടെ വിഭജനം-സൗന്ദ

ര്യകലകൾ, സോപയോഗ (പ്രയോജന) കലകൾ-അനുഷ്ഠാനകലകൾ-ക്ലാസിക് കലകൾ-നാടോടി കലകൾ-ദൃശ്യകലകളും ശ്രാവ്യകലകളും-കലകളുടെ വികാസ പരിണാമങ്ങൾ

**മൊഡ്യൂൾ : രണ്ട് (9 മണിക്കൂർ)**

**പഠനഫലപ്രാപ്തി**

1. കേരളീയ കലകളുടെ വൈവിധ്യം തിരിച്ചറിയുന്നു.
2. ആസ്വാദനശേഷിയും കലാവാസനയും വർദ്ധിക്കുന്നു.

കേരളീയ കലകളുടെ വൈവിധ്യം-നാടൻ, വംശീയ, ആദിവാസി കലകൾ-സർപ്പം പാട്ട് തോറ്റംപാട്ട്, ഓണപ്പാട്ട്, വിൽപ്പാട്ട്, താരാട്ട് പാട്ട്, കൃഷിപ്പാട്ട്, കൈകൊട്ടിക്കളിപ്പാട്ട്, മുടിയാട്ടം, തുമ്പി തുള്ളൽ, ചാറ്റ് പാട്ട്, ഗദ്ദിക, കോൽക്കളി, ദഫ് മുട്ട്, മാപ്പിളപ്പാട്ട് എന്നിവയുടെ സാമാന്യ പരിചയം ശാസ്ത്രീയ സംഗീത രംഗത്ത് കേരളത്തിന്റെ സംഭാവനകൾ-ഇരയിമ്മൻതമ്പി, സ്വാതിതിരുനാൾ-നാടകത്തിലും സിനിമയിലും ഇതര കലകൾക്കുള്ള സ്ഥാനം.

**മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)**

**പഠനഫലപ്രാപ്തി**

1. ക്ലാസിക് കലയും നാടോടിക്കലയും തമ്മിലുള്ള സാജാത്യ വൈജാത്യങ്ങൾ മനസ്സിലാക്കുന്നു.
2. വ്യത്യസ്ത കലകളുടെ സമന്വയത്തിലൂടെ സംസ്കാരത്തിനുണ്ടാകുന്ന നേട്ടങ്ങൾ തിരിച്ചറിയാൻ സാധിക്കുന്നു.

കേരളത്തിന്റെ ക്ലാസിക് കലാപാരമ്പര്യം-അരങ്ങും അഭിനയവും-നാട്യശാസ്ത്രത്തിന്റെ സ്വാധീനം-നാട്യധർമ്മി, ലോകധർമ്മി-പ്രേക്ഷകന്റെ സ്ഥാനം-രസാവിഷ്കാരം-കഥകളിയുടെ ചരിത്രം-തുള്ളലും ജനകീയതയും-വ്യത്യസ്ത നൃത്ത സമ്പ്രദായങ്ങൾ, വേഷവിധാനങ്ങൾ -മോഹിനിയാട്ടം, ഒപ്പന, മാർഗ്ഗംകളി, നാടോടിനൃത്തം, തിരുവാതിരക്കളി എന്നിവയുടെ സാമാന്യപരിചയം. അഭിനയ കലകളുടെ സവിശേഷതകൾ-കാക്കാരിശ്ശിനാടകം, പൊറാട്ടുനാടകം, ചവിട്ടുനാടകം, തെയ്യം, മുടിയേറ്റ്, ചാക്യാർകൂത്ത്, കൂടിയാട്ടം, പടയണി, തോല്പ്പാവക്കൂത്ത് എന്നിവയുടെ അവതരണ വിശേഷങ്ങൾ സാമാന്യപഠനം-കേരളീയ വാദ്യകലകളും സംഗീതോപകരണങ്ങളും-തുകൽ, തന്ത്രി, സുഷിരഘനവാദ്യങ്ങൾ-പഞ്ചവാദ്യം, തായമ്പക എന്നിവയുടെ പ്രത്യേകതകൾ-ശിങ്കാരിമേളത്തിന്റെ ദൃശ്യ-ശ്രാവ്യ ഘടകങ്ങൾ-ഉത്സവങ്ങളിലും വിനോദങ്ങളിലും അനുഷ്ഠാനങ്ങളിലും കലകൾക്കുള്ള സ്ഥാനം.

**മൊഡ്യൂൾ : നാല് (18 മണിക്കൂർ)**

**പഠനഫലപ്രാപ്തി**

1. കേരള സംസ്കാരത്തിൽ കലകൾക്കുള്ള സ്ഥാനം മനസ്സിലാക്കുകയും അതിനെപ്പറ്റി സ്വന്തമായ നിരീക്ഷണങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യുന്നു.
2. അഭിരുചിയ്ക്കനുസരിച്ച് കലാപരിശീലനത്തിനും പ്രയോഗത്തിനും പ്രേരണയുണ്ടാകുന്നു.

വചനകലകളുടെ സാമാന്യവിവരങ്ങൾ-പാഠകം ഹരികഥ, കഥാപ്രസംഗം എന്നിവ-ചിത്രകലാരംഗത്തെ കേരളീയ പാരമ്പര്യം-ഗുഹാചിത്രങ്ങൾ, ചുവർ ചിത്രങ്ങൾ, ആധുനിക ചിത്രകല, മുഖത്തെഴുത്ത്, കളമെഴുത്ത്, ചമയം-കേരളീയരായ ചിത്രകാരന്മാർ-രാജാരവിവർമ്മ, കെ.സി.എസ്സ്.പണിക്കർ, എം.വി.ദേവൻ-നമ്പൂതിരിയുടെ രേഖാചിത്രങ്ങൾ-ശില്പകല, ശില്പക

ലാമാധ്യമങ്ങൾ-കാനായികുഞ്ഞിരാമന്റെ പ്രസിദ്ധ ശില്പങ്ങൾ, മറ്റു പ്രമുഖ ശില്പികൾ -കേരളീയ വാസ്തുവിദ്യാരീതികൾ-ആയോധന കലകളും കേരളത്തിന്റെ സംസ്കാരവും-തെക്കൻ, വടക്കൻ-കളരി സമ്പ്രദായങ്ങൾ-വീരാപദാനപ്രധാനമായ വടക്കൻ പാട്ടുകൾ-സർക്കസ്സിന്റെ കലാപരമായ പ്രത്യേകതകൾ-ഫോട്ടോഗ്രാഫിയും വിഷ്വൽ ഗ്രാഫിക്സും.

**സഹായ ഗ്രന്ഥങ്ങൾ**


1. അനുഷ്ഠാന കല : രംഗാവതരണങ്ങളും ഫോക്‌ലോറും-ബി.രവികുമാർ
2. ആര്യ-ദ്രാവിഡ ഘടകങ്ങൾ മലബാറിലെ നാടൻ കലകളിൽ-കെ.കെ.എൻ.കുറുപ്പ്
3. ഇശലുകളുടെ ഉദ്യാനം - ഉമ്മർ തറമേൽ (എഡി:)
4. കഥകളി രംഗം - കെ.പി.എസ്.മേനോൻ
5. കഥകളി വിജ്ഞാന കോശം - അയ്മനം കൃഷ്ണക്കൈമൾ
6. കാക്കാരിശ്ശി നാടകം - ജി.ഭാർഗവൻപിള്ള
7. നാട്ടരങ്ങ് - ജി.ഭാർഗവൻപിള്ള
8. കൂത്തും കൂടിയാട്ടവും - അമ്മാമൻ തമ്പുരാൻ
9. കുഞ്ചൻ നമ്പ്യാർ : വാക്കും സമൂഹവും - കെ.എൻ.ഗണേഷ്
10. കേരളത്തിലെ ചുവർ ചിത്രങ്ങൾ - എം.ജി.ശശിഭൂഷൻ
11. കേരളത്തിലെ താളമേളങ്ങൾ - വി.അരവിന്ദാക്ഷൻ (എഡി:)
12. ഫോക്‌ലോർ പഠനങ്ങൾ - പി.കെ.ശിവശങ്കരപ്പിള്ള
13. കേരളത്തിലെ നാടൻ കലകൾ - ഡോ.ഏ.കെ.നമ്പ്യാർ
14. കേരളത്തിലെ നാടൻ സംഗീതം - ഡോ.എം.വി.വിഷ്ണുനമ്പൂതിരി
15. കേരളത്തിലെ നാടോടി നാടകങ്ങൾ - ഡോ.എസ്സ്.കെ.നായർ
16. കേരളത്തിലെ സംഗീതോപകരണങ്ങൾ - രവിവർമ്മ, ഡോ.സനൽകുമാർ തമ്പുരാൻ
17. ഗോത്രകലാ വടിവുകൾ - ഡോ. സി.ആർ.രാജഗോപാലൻ
18. ചവിട്ടുനാടകം - സെബീനാറാഫി
19. ചൂട്ടുപടയണി - ഡോ.ബി.രവികുമാർ
20. തുള്ളൽ ദൃശ്യവേദിയിൽ - അയ്മനം കൃഷണക്കൈമൾ
21. തെയ്യം - ഡോ.എം.വി.വിഷ്ണുനമ്പൂതിരി
22. തോറ്റംപാട്ടുകൾ-ഒരു പഠനം - ഡോ.എം.വി.വിഷ്ണുനമ്പൂതിരി
23. പടേനി - കടമ്മനിട്ട വാസുദേവൻപിള്ള
24. പുള്ളുവൻ പാട്ടും നാഗാരാധനയും - എം.വി.വിഷ്ണുനമ്പൂതിരി
25. ഫോക്‌ലോർ - രാഘവൻ പയ്യനാട്
26. കേരള ഫോക്‌ലോർ - (എഡി.) രാഘവൻ പയ്യനാട്
27. ഫോക്‌ലോർ നിഘണ്ടു - ഡോ.എം.വി.വിഷ്ണുനമ്പൂതിരി
28. മാപ്പിളക്കലകൾ - ഒ.എം.കരുവാരക്കുണ്ട് (എഡി:)
29. മാപ്പിളപ്പാട്ടിന്റെ ലോകം - വി.എം.കുട്ടി
30. മുടിയേറ്റ് - ചുമ്മാർ ചൂണ്ടൽ
31. വാസ്തുശാസ്ത്രം ഒരു സമഗ്രപഠനം - ഡോ.പി.വി.ഔസേപ്പ്

32. മോഹിനിയാട്ടം ചരിത്രവും ആട്ടപ്രകാരവും - കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ
33. ദക്ഷിണേന്ത്യൻ സംഗീതം ഒന്നും രണ്ടും ഭാഗങ്ങൾ - എം.കെ.രവീന്ദ്രനാഥ്
34. ഐവർനാടകം - ചുമ്മാർ ചൂണ്ടൽ
35. തോല്പ്പാവക്കൂത്ത് - പി.ജി.പട്ടാമ്പി
36. കലാലോകം - കെ.പി.നാരായണപ്പിഷാരടി
37. കേരളത്തിലെ ദൃശ്യകലകൾ - ഡോ.കവടിയാർ രാമചന്ദ്രൻ
38. കേരളത്തിലെ ആദിവാസി കലാപാരമ്പര്യം - ഡോ.(സിസ്റ്റർ) സീലിയാ തോമസ്. പി
39. ആട്ടക്കഥാസാഹിത്യം - പ്രൊഫ. അയ്മനം കൃഷ്ണക്കൈമൾ
40. കേരളീയ കലാനിഘണ്ടു - ഡോ.ശശിധരൻ ക്ലാരി
41. മേളകല - പി.എസ്.വാര്യർ
42. നാട്ടുസംഗീതം - (എഡി.) ഡോ.സി.ആർ.രാജഗോപാലൻ
43. കേരള ഭാഷാ ഗാനങ്ങൾ - (എഡി.) കേരളസാഹിത്യ അക്കാദമി
44. നാട്ടറിവുപാട്ടുകൾ - (എഡി.) ഡോ.സി.ആർ.രാജഗോപാലൻ
45. മാപ്പിള രാമായണവും നാടൻപാട്ടുകളും - ടി.എച്ച്.കുഞ്ഞിരാമൻ

# സെമസ്റ്റർ : രണ്ട്

| | | |
|---|---|---|
| സെമസ്റ്റർ | : | II |
| കോഴ്സ് കോഡ് | : | ML 1211.4 |
| ലാംഗ്വേജ് കോഴ്സ് | : | IV (അഡീഷണൽ ലാംഗ്വേജ് കോഴ്സ് 2) |
| സമയക്രമം | : | ആഴ്ചയിൽ 5 മണിക്കൂർ (18 ആഴ്ചയിൽ 90 മണിക്കൂർ) |
| ക്രെഡിറ്റ് | : | 3 |

## ദൃശ്യകലാസാഹിത്യം

**പഠനഫലപ്രാപ്തി**

1. സാഹിത്യകൃതിയും ദൃശ്യകലയും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു.
2. കേരളത്തിന്റെ ദൃശ്യകലകളെ സൂക്ഷ്മമായി നിരീക്ഷിച്ച് സാജാത്യവൈജാത്യങ്ങൾ കണ്ടെത്തുന്നു.
3. അന്തർലീനമായ കലാവാസനകൾ ഉണരുകയും അവ പരിശീലിക്കാനും പ്രകടിപ്പിക്കാനുമുള്ള പ്രേരണയുണ്ടാവുകയും ചെയ്യുന്നു.
4. എഴുത്ത്, അഭിനയം, സംവിധാനം തുടങ്ങിയ കലാപരമായ ഇടപെടലുകൾക്ക് സാധ്യമാകുംവിധം സൃഷ്ടിപരമായ ചിന്തകൾ ഉടലെടുക്കുന്നു.
5. കൈവശമുള്ള സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി ഷൂട്ടിംഗ്, എഡിറ്റിംഗ് തുടങ്ങിയവ പരിശീലിച്ച് കലാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

### മൊഡ്യൂൾ : ഒന്ന് (36 മണിക്കൂർ)
### ആട്ടക്കഥ, തുള്ളൽസാഹിത്യം

**പഠനഫലപ്രാപ്തി**

1. ക്ലാസ്സിക് - നാടോടി കലാപാരമ്പര്യങ്ങളെക്കുറിച്ച് അറിവുനേടുന്നു.
2. കൃതിയും അവതരണങ്ങളും തമ്മിലുള്ള പൊരുത്തവും വ്യത്യാസവും അനുഭവിച്ചറിയാൻ കഴിയുന്നു.
3. കലാസ്വാദനത്തിന്റെ ഭാഗമായുള്ള നിരീക്ഷണപാടവം വർദ്ധിക്കുന്നു.

കഥകളിയുടെ ഉത്ഭവവികാസപരിണാമങ്ങൾ - ആട്ടക്കഥാസാഹിത്യം - പ്രധാന ആട്ടക്കഥാകൃത്തുക്കൾ - തുള്ളൽപ്രസ്ഥാനം - ചരിത്രം - വികാസ പരിണാമങ്ങൾ - കുഞ്ചൻനമ്പ്യാർ - തുള്ളൽസാഹിത്യം - സാമാന്യപരിചയം.

**വിശദപഠനം**

1. നളചരിതം ആട്ടക്കഥ - ഉണ്ണായിവാര്യർ, ഒന്നാംദിവസം
   (ദൂതു പൂർണ്ണമാകുന്നതുവരെ)

2. കല്യാണസൗഗന്ധികം - കുഞ്ചൻനമ്പ്യാർ
(എങ്കിലോ പണ്ടു യുധിഷ്ഠിരൻ ഭീമനും
.......................................................................
കാട്ടിൽപ്പരന്നതും കണ്ടു വൃകോദരൻ)

## മൊഡ്യൂൾ : രണ്ട് (36 മണിക്കൂർ)

## നാടകം

**പഠനഫലപ്രാപ്തി**

1. സംസ്കൃതനാടകങ്ങളുടെ സാങ്കേതികവിദ്യകൾ ഉൾക്കൊള്ളുന്നു.
2. മലയാള നാടകവേദിയുടെ വികാസപരിണാമദശകൾ തിരിച്ചറിയുന്നു.
3. വ്യത്യസ്ത ആവിഷ്കരണ രീതികൾ മനസ്സിലാക്കി സ്വന്തം കലാഭിരുചിയെ പരിപോഷിപ്പിക്കുന്നു.
4. രചനാസംരംഭങ്ങളിൽ ഏർപ്പെടുന്നു.

നാടകം എന്ന ദൃശ്യകല - സാഹിത്യരൂപം - മലയാള നാടക പ്രസ്ഥാനം - ആരംഭവികാസ ചരിത്രം - സാമാന്യാവലോകനം - ആദ്യകാല നാടകങ്ങൾ - സംസ്കൃതനാടകസ്വാധീനം - ഗദ്യനാടകം - ആധുനികനാടകം - സമകാലികനാടകം.

**വിശദപഠനം**

1. ഭഗ്നഭവനം - എൻ. കൃഷ്ണപിള്ള
2. ലേബർ റൂം - കെ.വി. ശ്രീജ

## മൊഡ്യൂൾ : മൂന്ന് (18 മണിക്കൂർ)

## തിരക്കഥാപഠനം

**പഠനഫലപ്രാപ്തി**

1. സാങ്കേതികവിദ്യയും കലാമേന്മയും ഉൾക്കൊണ്ട് ചലച്ചിത്രത്തെ ഗൗരവത്തോടെ സമീപിക്കാൻ പ്രേരണയുണ്ടാകുന്നു.
2. തിരക്കഥാ രചനയുടെ സാങ്കേതികവശങ്ങൾ മനസ്സിലാക്കുന്നു.
3. ഒരു സാഹിത്യരൂപമെന്ന നിലയിൽ തിരക്കഥയെ വിലയിരുത്താനാവുന്നു.
4. ചലച്ചിത്രനിരൂപണങ്ങൾ നടത്തുകയും പൊതുസംവാദങ്ങളിൽ ഇടപെടുകയും ചെയ്യുന്നു.

തിരക്കഥയും സിനിമയും - തിരക്കഥയുടെ പ്രാധാന്യം - ലോകപ്രസിദ്ധ തിരക്കഥകൾ - അനുവർത്തനം - മലയാളത്തിലെ പ്രമുഖ തിരക്കഥാകൃത്തുക്കൾ - എം.ടി. - പത്മരാജൻ - അടൂർ ഗോപാലകൃഷ്ണൻ - എ.കെ.ലോഹിതദാസ് - തിരക്കഥ സാഹിത്യം എന്ന നിലയിൽ

**വിശദപഠനം**

1. ഒരിടത്തൊരു ഫയൽവാൻ - പത്മരാജൻ

**സഹായകഗ്രന്ഥങ്ങൾ**

1. ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ (ആട്ടക്കഥ/തുള്ളൽ) : എഡി. ഡോ. കെ. എം. ജോർജ്.
2. കൈരളിയുടെ കഥ - എൻ. കൃഷ്ണപിള്ള, എൻ.ബി.എസ്.

3. മലയാളനാടകസാഹിത്യചരിത്രം – പ്രൊഫ. ജി. ശങ്കരപിള്ള, കേരള സാഹിത്യ അക്കാദമി.
4. മലയാളനാടകസാഹിത്യചരിത്രം – ഡോ. വയലാ വാസുദേവൻ പിള്ള, കേരള സാഹിത്യ അക്കാദമി.
5. നാടകപഠനങ്ങൾ – പി. കെ. പരമേശ്വരൻ നായർ ട്രസ്റ്റ്, കറന്റ് ബുക്സ്, കോട്ടയം.
6. നാടകം – ഒരു പഠനം – മാളൂബൻ പബ്ലിക്കേഷൻസ്.
7. കഥയും തിരക്കഥയും – ജോസ്. കെ. മാനുവൽ.
8. കഥയും തിരക്കഥയും – ആർ. വി. എം. ദിവാകരൻ.
9. കഥ, തിരക്കഥ, സിനിമ (പഠനം) – എം. ടി. വാസുദേവൻ നായർ.
10. പരീക്ഷണനാടകം, എൽ.തോമസ്കുട്ടി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
11. ചലച്ചിത്രസിദ്ധാന്തങ്ങൾ, ഡോ.ടി.ജിതേഷ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
12. വിശ്വോത്തര തിരക്കഥകൾ, വിജയകൃഷ്ണൻ, ഹരിതം ബുക്സ്, കോഴിക്കോട്.
13. സുവർണ്ണചകോരത്തിന്റെ കഥ, ശാന്തൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
14. പത്മരാജന്റെ തിരക്കഥകൾ, പത്മരാജൻ, ഡി.സി.ബുക്സ്, കോട്ടയം.
15. ഒരിടത്തൊരു ഫയൽവാൻ, പത്മരാജൻ, ഡി.സി.ബുക്സ്, കോട്ടയം.

## സെമസ്റ്റർ : രണ്ട്

| | | |
|---|---|---|
| സെമസ്റ്റർ | : | II |
| കോഴ്സ് കോഡ് | : | MLC 1221 |
| ഫൗണ്ടേഷൻ കോഴ്സ് | : | II |
| സമയക്രമം | : | ആഴ്ചയിൽ 3 മണിക്കൂർ<br>(18 ആഴ്ചയിൽ 54 മണിക്കൂർ) |
| ക്രെഡിറ്റ് | : | 3 |

## പരിസ്ഥിതിപഠനം

1. പരിസ്ഥിതിയുടെ സംരക്ഷണത്തെപ്പറ്റി വിദ്യാർത്ഥികൾ ജാഗ്രതയുള്ളവരാകുന്നു.
2. അമിതമായ ചൂഷണവും കൈയേറ്റവും കൊണ്ട് പ്രകൃതിയ്ക്കുണ്ടാകുന്ന ആഘാതത്തെപ്പറ്റി ചിന്തിക്കാനും പരിഹാരങ്ങൾ കണ്ടെത്താനും സാധിക്കുന്നു.
3. മലയാള സാഹിത്യത്തിൽ പാരിസ്ഥിതികമായ ആശങ്കകൾ പ്രതിഫലിച്ചിരിക്കുന്നതിനെപ്പറ്റി വിലയിരുത്തുന്നു.
4. പ്രകൃതിനശീകരണം, മലിനീകരണം തുടങ്ങിയ വിഷയങ്ങളിൽ ഇടപെടാനും പ്രശ്നപരിഹാര മാർഗ്ഗങ്ങൾ കൂട്ടായി ചർച്ച ചെയ്യാനും ബദൽ മാർഗ്ഗങ്ങൾ കണ്ടെത്താനും ശ്രമിക്കുന്നു.
5. പരിസ്ഥിതി വിഷയങ്ങളെക്കുറിച്ച് എഴുതാനും സംവാദങ്ങളിൽ ഏർപ്പെടാനും സന്നദ്ധമാകുന്നു.

### മൊഡ്യൂൾ : ഒന്ന് (9 മണിക്കൂർ)

**പാഠനഫലപ്രാപ്തി**

1 സ്വന്തം പരിസരത്തെ നിരീക്ഷിച്ച് പരിസ്ഥിതിയുടെ പ്രാധാന്യം കണ്ടെത്തുന്നു.

2. പരിസ്ഥിതി സൗഹൃദത്തെപ്പറ്റി ഗൗരവമായി ചിന്തിക്കുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു.

പരിസ്ഥിതി-ആവാസ വ്യവസ്ഥ-ജൈവമണ്ഡലം-പരിസ്ഥിതിയിലെ ഘടകങ്ങൾ-ജൈവികവും അജൈവികവുമായ ഘടകങ്ങൾ - ഭൂമി, ജലം, വായു, അന്തരീക്ഷം, ജന്തുജാലങ്ങൾ സസ്യജാലങ്ങൾ, മനുഷ്യർ-വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും-പ്രാചീന മനുഷ്യരും പ്രകൃതിയും തമ്മിലുണ്ടായിരുന്ന ബന്ധങ്ങൾ-ആധുനിക വ്യവസായങ്ങളും നഗരവത്ക്കരണവും കൊണ്ട് പ്രകൃതിയ്ക്കുണ്ടായ മാറ്റങ്ങൾ-അമിതമായ ഉപഭോഗത്തിന്റെ പ്രശ്നങ്ങൾ, വനനശീകരണം-വായു-ജലമലിനീകരണങ്ങൾ-പാരിസ്ഥിതിക ആഘാതങ്ങൾ-കേരളത്തിന്റെ ഭൂപ്രകൃതിയും പാരിസ്ഥിതിക ദൗർബല്യങ്ങളും-ഉപഭോഗവും സംരക്ഷണവും തമ്മിലുണ്ടാകേണ്ട സന്തുലനാവസ്ഥ.

**വിശദപഠനത്തിന്**

1. പരിസ്ഥിതിപഠനത്തിന്റെ വിവിധമാനങ്ങൾ - ഡോ.ജി.ബാലമോഹൻതമ്പി
(പരിസ്ഥിതിദർശനം എന്ന കൃതിയിൽ നിന്ന്
2. കാലാവസ്ഥാ വ്യതിയാനവും നമ്മളും - ഡോ.വി.ശശികുമാർ
('ഭൂമിയുടെ ആവരണം' എന്ന കൃതിയിൽനിന്ന്)

## മൊഡ്യൂൾ : രണ്ട് (18 മണിക്കൂർ)

**പാഠനഫലപ്രാപ്തി**

1. പരിസ്ഥിതി ദർശനവുമായി ബന്ധപ്പെട്ട ആശയങ്ങൾ മനസ്സിലാക്കുന്നു.
2. പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനങ്ങളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും മനസ്സിലാക്കിക്കൊണ്ട് അത്തരം പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ പ്രേരണയുണ്ടാകുന്നു.

പരിസ്ഥിതി ദർശനങ്ങൾ-ഗഹന പരിസ്ഥിതിവാദം (Deep Ecology) -- സാമൂഹിക പരിസ്ഥിതി വാദം (Social Ecology) - പരിസ്ഥിതി സ്ത്രീവാദം (Eco Feminism)- പാരിസ്ഥിതിക പ്രസ്ഥാനങ്ങൾ-

ഗ്രീൻസ്, ചിപ്കോ പ്രസ്ഥാനം - ഗ്രീൻ ബെൽറ്റ് പ്രസ്ഥാനം-കേരളത്തിലെ പാരിസ്ഥിതിക സമരങ്ങൾ -ചാലിയാർ സമരം-സൈലന്റ് വാലി പ്രക്ഷോഭം-പശ്ചിമഘട്ട സരക്ഷണ പ്രവർത്തനങ്ങൾ - ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പശ്ചാത്തലം-പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ-ഗാന്ധിയൻ ദർശനം-റേച്ചൽ കഴ്സന്റെ നിശ്ശബ്ദവസന്തം , ഫുക്കുവോക്കയുടെ ഒറ്റ വൈക്കോൽ വിപ്ലവം എന്നീ കൃതികളുടെ സ്വാധീനം - മാറുന്ന പാരിസ്ഥിതികാവബോധം

**വിശദപഠനം**

1. പട്ടുപോകാത്ത ഒറ്റമരം - ആർ.വിനോദ്കുമാർ
(കേരളത്തിന്റെ ഹരിതജാലകം തുറന്നവർ എന്ന കൃതിയിൽ നിന്ന്)
2. കാടിനു കാവൽ നാം തന്നെ - സുഗതകുമാരി
(കാടിനു കാവൽ എന്ന കൃതിയിൽ നിന്ന്)
3. ഒരു പക്ഷിയും പാടുന്നുമില്ല - റേച്ചൽ കാഴ്സൻ
(നിശ്ശബ്ദം വസന്തം എന്ന കൃതിയിൽ നിന്ന്)
വിവർത്തനം : കെ.രതിമേനോൻ

## മൊഡ്യൂൾ : മൂന്ന് (27 മണിക്കൂർ)

**പാഠനഫലപ്രാപ്തി**

1. സാഹിത്യവും പരിസ്ഥിതിദർശനവുമായിട്ടുള്ള ബന്ധങ്ങൾ സൂക്ഷ്മമായി വിലയിരുത്തുന്നു.
2. ആസ്വാദനത്തോടൊപ്പം ആശയങ്ങളുടെ പ്രായോഗികതയെക്കുറിച്ച് വിമർശനാത്മകമായി പരിശോധിക്കുന്നു.
3. പാരിസ്ഥിതിക പ്രശ്നങ്ങളും ദുരന്തങ്ങളും മലയാള കഥയിലും കവിതയിലും പ്രതിഫലിച്ചിരിക്കുന്നത് മനസ്സിലാക്കുന്നു.
4. സാഹിത്യാഭിരുചിയ്ക്കനുസരിച്ച് സമകാലിക പരിസ്ഥിതി പ്രശ്നങ്ങളെ പ്രതിഫലിപ്പിക്കുന്ന രചനകൾ നടത്താൻ പ്രേരണയുണ്ടാകുന്നു.

പാരിസ്ഥിതികാവബോധം സർഗാത്മകതലത്തിൽ – മലയാള സാഹിത്യവും പാരിസ്ഥിതിക ദർശനവും – കേവലമായ പ്രകൃതിവർണ്ണനകളിൽ നിന്ന് പാരിസ്ഥിതികമായ ആശങ്കകളിലേയ്ക്ക് സാഹിത്യം മാറുന്നു. മലയാള കഥയിലും കവിതയിലും പാരിസ്ഥിതിക വിഷയങ്ങളുടെ പ്രതിഫലനം – സമാനമായ വിഷയങ്ങൾ പ്രകടമാക്കുന്ന ഇതര സാഹിത്യ കൃതികളുടെ സാമാന്യ പരിചയം – പാരിസ്ഥിതിക പ്രാധാന്യമുള്ള കൃതികളുടെ കണ്ടെത്തൽ.

**വിശദ പഠനം.**

1. കുറ്റിപ്പുറം പാലം – ഇടശ്ശേരി ഗോവിന്ദൻ നായർ
2. പുതു വെളിച്ചം – ബാലാമണിയമ്മ
3. മരണത്തിനപ്പുറം – കെ.അയ്യപ്പപ്പണിക്കർ
4. അവസാനത്തെ നദി – കെ.സച്ചിദാനന്ദൻ
5. ഭൂമിയുടെ അവകാശികൾ – വൈക്കം മുഹമ്മദ് ബഷീർ
6. മംഗള സ്വരൂപൻ – എസ്സ്.വി.വേണുഗോപൻനായർ
7. വിപരിണാമം – പി.സുരേന്ദ്രൻ
8. കുന്നിൻചരുവിലെ വീട് – കെ.വി.മോഹൻകുമാർ

**സഹായ ഗ്രന്ഥങ്ങൾ**


1. ഇക്കോ–ഫെമിനിസം, ഇക്കോ ടൂറിസം, മാർക്സിസം – എൻ.എം.പിയേഴ്സൻ
2. കഥയും പരിസ്ഥിതിയും – ജി.മധുസൂദനൻ
3. കവിതയും പരിസ്ഥിതിയും – എസ്സ്.രാജശേഖരൻ
4. കാടിനു കാവൽ – സുഗതകുമാരി
5. കേരളത്തിന്റെ ഹരിതജാലകം തുറന്നവർ – ആർ.വിനോദ്കുമാർ
6. നിശ്ശബ്ദവസന്തം–റേച്ചൽ കാഴ്സൻ – കെ.രതിമേനോൻ (വിവ:)
7. പരിസ്ഥിതിബോധവും സംസ്കാരവും – പി.പി.കെ.പൊതുവാൾ
8. പരിസ്ഥിതി സൗന്ദര്യ ശാസ്ത്രത്തിനൊരു മുഖവുര – ടി.പി.സുകുമാരൻ
9. പരിസ്ഥിതി വിജ്ഞാനം – എൻ.ബാലകൃഷ്ണൻനായർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
10. പ്രകൃതി, പരിസ്ഥിതി, ദാരിദ്ര്യം, ഊർജ്ജം – ആനന്ദ്, ഡി.സി.ബുക്സ്.
11. ഹരിതദർശനം ആധുനികാനന്തര കവിതയിൽ – സി.ആർ.പ്രസാദ്, സെഡ് ലൈബ്രറി, തിരുവനന്തപുരം.
12. ഹരിത നിരൂപണം മലയാളത്തിൽ – ജി.മധുസൂദനൻ, കറന്റ് ബുക്സ്, തൃശ്ശൂർ
13. കഥയും പരിസ്ഥിതിയും – ജി.മധുസൂദനൻ, കറന്റ് ബുക്സ്, തൃശ്ശൂർ
14. ഹരിത സാഹിത്യദർശനം – എം.അച്യുതൻ
15. പരിസ്ഥിതി ചിന്തകൾ – ഡോ.എം.വിജയൻപിള്ള
16. പരിസ്ഥിതിദർശനം – (എഡി.) പ്രതാപൻ തായാട്ട്, ഹരിതം ബുക്സ്.
17. ജീവന്റെ കൈയൊപ്പ് – ആഷാമേനോൻ, ഡി.സി.ബുക്സ്
18. പ്രതിരോധചിന്തകൾ – ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്
19. പരിസ്ഥിതിയുടെ രാഷ്ട്രീയം – (എഡി.) സി.റഹിം, ഫേബിയൻ ബുക്സ്

## സെമസ്റ്റർ : രണ്ട്

| | | |
|---|---|---|
| സെമസ്റ്റർ | : | **II** |
| കോഴ്സ് കോഡ് | : | **MLC 1231** |
| കോർ കോഴ്സ് | : | **III** |
| സമയക്രമം | : | ആഴ്ചയിൽ 2 മണിക്കൂർ<br>(18 ആഴ്ചയിൽ 36 മണിക്കൂർ) |
| ക്രെഡിറ്റ് | : | **2** |

## ജീവചരിത്രം, ആത്മകഥ, യാത്രാസാഹിത്യം

**പഠനഫലപ്രാപ്തി**

1. ജീവിതത്തിന്റെ വ്യത്യസ്ത അനുഭവങ്ങളെ ഉൾക്കൊള്ളുകയും നിരീക്ഷിക്കുകയും ചെയ്യുന്നു.
2. മലയാളസാഹിത്യത്തിലെ വ്യത്യസ്ത സാഹിത്യപ്രസ്ഥാനങ്ങളെ പരിചയപ്പെടുന്നു.
3. വിവിധ മേഖലകളിലുള്ളവരുടെ ജീവിതാനുഭവങ്ങളെ സ്വന്തം കാഴ്ചപ്പാടിൽ വിലയിരുത്താൻ കഴിയുന്നു.
4. വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധങ്ങളെ വിമർശനാത്മകമായി സമീപിക്കാൻ കഴിയുന്നു.
5. യാത്ര വെറും ആനന്ദം മാത്രമല്ലെന്നും സംസ്കാരസവിശേഷതകളെക്കുറിച്ചുള്ള പഠനമാണെന്നും തിരിച്ചറിയുന്നു.

### മൊഡ്യൂൾ : ഒന്ന് (9 മണിക്കൂർ)

**പഠനഫലപ്രാപ്തി**

1. ജീവചരിത്രസാഹിത്യത്തിന്റെ സവിശേഷതകൾ ഗ്രഹിക്കുന്നു.
2. ജീവചരിത്രരചനയുടെ വ്യത്യസ്ത സമീപനമാർഗ്ഗങ്ങൾ തിരിച്ചറിയുന്നു.

